LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക | 2019 ജനുവരി – മാർച്ച് | ലക്കം: 12



# ജന്മദിനാശംസകൾ



ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ്
എപ്പിസ്കോപ്പാ
ഫെബ്രുവരി 19





ഡോ. മാത്യൂസ് മാർ മക്കാറിയോസ്
എപ്പിസ്കോപ്പാ
ഫെബ്രുവരി 25






ഭദ്രാസന വൈദീക സമ്മേളനം - പെരിങ്ങാരം ധ്യാനതീരത്ത്

ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക



പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ്സ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ-691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ - 50/-**

# ഉള്ളടക്കം

ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ
എഡിറ്റോറിയൽ

8 **വചനത്തിന്റെ സ്വപ്നം, സത്യം, സാധ്യത**
-റവ. സുബിൻ സാം മാത്യു

10 **വചനം രൂപാന്തരത്തിന്റെ ചാലകശക്തി**
-റവ. ജോർജ്ജ് വർഗ്ഗീസ്

12 **ഉത്തമ വിശ്വാസം**
-കെ. ജോൺസൺ വൈദ്യൻ

14 **ഏകാന്തത**
-ഡോ. ജാൻസി ജയിംസ്

19 **പ്രതിസന്ധിയിൽ പ്രത്യാശ പകരുന്ന വിനിമയം**
-ശ്രീമതി ആനി ഡാനിയേൽ

21 **വചനം സംഗീതമായ് പെയ്തിറങ്ങുമ്പോൾ**
-ജോസ്തരകൻ റ്റി.കെ.

23 **അജപാലനം**

29 **മുത്ത് & വിക്ടറി**





# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

കർത്താവിൽ വാത്സല്യമുള്ളവരെ,

2018–ൽ ഭദ്രാസനമായി അനുഭവിച്ച ദൈവകൃപയ്ക്ക് നന്ദിയോടെ സ്തോത്രം. കേരള ജനതയെ സംബന്ധിച്ച് ഭീതിപ്പെടുത്തുന്ന ചില ഓർമ്മകൾ നൽകിയ വർഷം കൂടിയായിരുന്നു 2018. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ സംഭവിച്ച മഹാപ്രളയത്തിന്റെ ദുരിതങ്ങൾക്കും അതിൽനിന്നുള്ള അതിജീവനത്തിന്റെ അനുഭവങ്ങൾക്കും നാം സാക്ഷികളായി. മുമ്പില്ലാത്തവിധം വർഗ്ഗീയതയും വിഭാഗീയതയും വളർത്തുന്ന വിധത്തിലുള്ള പ്രശ്നങ്ങളും പ്രതികരണങ്ങളും ഈ നാളുകളിലുണ്ടായി. സമൂഹത്തിനും വ്യക്തികൾക്കും ഈ തിരിഞ്ഞുനോട്ടം തിരുത്തലുകൾക്ക് കാരണമാകണം. ചരിത്രത്തിൽനിന്നും പഠിക്കുന്നവർക്ക് മാത്രമേ ഭാവിയെ പ്രത്യാശയോടെ കാണുവാൻ സാധിക്കൂ. വിശുദ്ധ വേദപുസ്തകം പങ്കുവെയ്ക്കുന്നത്, ദൈവീക കരുതലിന്റെയും പ്രത്യാശയുടെയും സന്ദേശമാണ്. "ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി ദേശത്തിന്മേൽ ഇരിക്കുന്നു." (ആവർത്തനം 11:12). ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് പുത്തൻ ഉണർവ്വോടും ഉത്സാഹത്തോടും കൂടെ പ്രവർത്തിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഓരോ വർഷവും ഭദ്രാസന കൺവൻഷനോടുകൂടി ആകുന്നുവല്ലോ നമ്മുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. കൺവൻഷൻ യോഗങ്ങളിൽ ഏവരും പ്രാർത്ഥനയോടെ വന്ന് സംബന്ധിക്കണം. വേദപഠനങ്ങൾ വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ കായംകുളം, പന്തളം, കണ്ണംകോട് എന്നീ ദേവാലയങ്ങളിൽവെച്ച് നടക്കുന്നു. അതാത് മേഖലയിലുള്ളവർ പ്രഭാതവേദപഠന ക്ലാസ്സുകളിൽ സംബന്ധിക്കുന്നതിന് ഉത്സാഹിക്കണം. കൺവൻഷന്റെ വെള്ളിയാഴ്ച ദിവസം രാവിലെ സേവികാസംഘത്തിന്റെ ഭദ്രാസനതല ശതാബ്ദി ആഘോഷം നടത്തപ്പെടുന്നതാണ്. 2019 ജനുവരി 26 ഭദ്രാസന കുടുംബസംഗമം അടൂർ കൺവൻഷൻ നഗറിൽവെച്ച് ക്രമീകരിച്ചിരിക്കുന്നു. ഭദ്രാസനത്തിലെ ഇടവകയിലെ എല്ലാ കുടുംബങ്ങളും ഈ കുടുംബസംഗമത്തിൽ വന്നുചേരണം.

മാർത്തോമ്മാ സുവിശേഷ സേവികാസംഘം ശതാബ്ദി സമാപന സമ്മേളനം 2019 ഫെബ്രുവരി 9–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് മാരാമൺ കൺവൻഷൻ പന്തലിൽ നടക്കുകയാണ്. അഖിലലോക സഭാ കൗൺസിലിന്റെ മോഡറേറ്റർ ഡോ. ആഗ്നസ് ആബം, ഡോ. സ്റ്റാൻലി ജോൺസിന്റെ കൊച്ചുമകൾ ഡോ. ആനി മാത്യൂസ് യൂനസ് തുടങ്ങിയവർ മുഖ്യ അതിഥികളായി സംബന്ധിക്കുന്നതാണ്. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയും സഭയിലെ എല്ലാ തിരുമേനിമാരും സംബന്ധിക്കുന്ന ലോക മാർത്തോമ്മാ വനിതാസംഗമത്തിൽ എല്ലാവരും ശുഭ്രവസ്ത്രധാരികളായി വന്ന് പങ്കെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. വാഹനത്തിൽ എത്തുന്നവർ നിശ്ചയിക്കപ്പെട്ട പാർക്കിംഗ് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം. ഈ സമ്മേളനത്തെ തുടർന്ന് 10–ാം തീയതി മുതൽ 17–ാം തീയതി വരെ 124–ാമത് മാരാമൺ മഹായോഗം നടക്കുകയാണല്ലോ. ഈ യോഗങ്ങളുടെ അനുഗ്രഹത്തിനു വേണ്ടി പ്രാർത്ഥിക്കണം.

സാമ്പത്തിക വർഷം മാർച്ച് 31–ന് അവസാനിക്കുന്ന സാഹചര്യത്തിൽ ഇടവകകളിൽനിന്നും ഭദ്രാസനത്തിലും സഭയ്ക്കും അടയ്ക്കുവാനുള്ള തുകകൾ താമസംവിനാ അടയ്ക്കുന്നതിന് വികാരിയച്ചന്മാരും ഇടവക ചുമതലക്കാരും ശ്രദ്ധിക്കേണ്ടതാണ്. കണക്കുകൾ മെയ് 31–ന് മുൻപ് ഓഡിറ്റിംഗിന് വിധേയമാക്കി ഇടവകയോഗം പാസ്സാക്കി അംഗീകാരം വാങ്ങുന്നതിന് സാധിക്കണം.

ത്രൈമാസകണക്കുകൾ സമയാസമയങ്ങളിൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിലൂടെ വാർഷിക കണക്ക് കാലതാമസം കൂടാതെ ഓഡിറ്റിംഗ് പൂർത്തിയാക്കുവാൻ കഴിയുമല്ലോ. ഭദ്രാസന വികസന ഫണ്ട് ശേഖരണത്തിൽ നിശ്ചിത തുക പൂർണ്ണമായും അടയ്ക്കാത്തവർ എത്രയും വേഗം ഭദ്രാസന ഓഫീസിൽ തുക അടച്ച് രസീത് വാങ്ങേണ്ടതാണ്.

ഭരണഘടന അനുശാസിക്കുന്നതിൻപ്രകാരം 2019 ജനുവരി 15-ന് മുൻപ് ഇടവക സംഘാംഗത്വ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്.

2019-20 കാലയളവിലേക്ക് ഇടവക ചുമതലക്കാരുടെയും കൈസ്ഥാനസമിതി അംഗങ്ങളുടെയും തിരഞ്ഞെടുപ്പ് പൂർത്തിയാക്കി ഭദ്രാസന എപ്പിസ്കോപ്പായുടെ അംഗീകാരം ലഭിച്ചിരിക്കേണ്ടതാണ്.

ദൈവാശ്രയവും സമർപ്പണവും ജീവിതവിശുദ്ധിയുമുള്ളവരെ കണ്ടെത്തി ചുമതലകൾ ഏല്പിക്കുന്നതിൽ ഇടവകകൾ പ്രത്യേകം ശ്രദ്ധിക്കണം. മദ്യപാനത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ അടിമകളായവർ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിന് ഇടയാവാതെവണ്ണം ശ്രദ്ധിക്കേണ്ടതാണ്.

നമ്മുടെ ചാത്തന്നൂർപുഴ, താന്നിക്കുന്ന് എന്നീ ഇടവകകൾ പുതിയ ദേവാലയം നിർമ്മിക്കുന്ന ശ്രമത്തിലാണ്. ഐരാണിക്കുടി ഇടവക പള്ളിയോടുചേർന്ന് ഒരു പാഴ്സനേജ് നിർമ്മിക്കുന്നു. തറയിൽകടവ് മിഷൻവീട് നിർമ്മാണവും പുരോഗമിക്കുന്നു. ഇളംപള്ളിക്കൽ ഇടവക ദേവാലയം നവീകരിക്കുന്ന പണികൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ വക പ്രവർത്തനങ്ങൾക്ക് ആവശ്യമായ കൈത്താങ്ങൽ നൽകുവാൻ ഉത്സാഹിക്കുമല്ലോ.

അനുഗ്രഹ ഡി-അഡിക്ഷൻ സെന്ററിന്റെയും, പെയ്ൻ & പാലിയേറ്റീവിന്റെയും പ്രവർത്തനങ്ങൾ ക്രമീകൃതമായി നടന്നുവരുന്നു. മദ്യപാനരോഗികളെ കണ്ടെത്തി ഓരോ മാസവും നടക്കുന്ന ക്യാമ്പുകളിൽ സംബന്ധിപ്പിക്കുന്നതിനും വിമുക്തരായവരെ കൂട്ടായ്മയിലൂടെ ശക്തിപ്പെടുത്തുന്നതിനും അച്ചന്മാരും സുവിശേഷകരും സന്നദ്ധപ്രവർത്തകരും അതീവ ശ്രദ്ധ പുലർത്തണം. ഇതിലേക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും ഉത്സാഹിക്കണം. എല്ലാ ഒന്നാം ശനിയാഴ്ചയും രാവിലെ 10 മണി മുതൽ സ്പിരിചാലിറ്റി സെന്ററിൽ നടക്കുന്ന കരിസ്മാറ്റിക് യോഗങ്ങളിൽ കൂടുതലാളുകൾ വന്ന് സംബന്ധിക്കുവാൻ ഉത്സാഹിക്കണം. സമർപ്പിതരായ ബാലന്മാർക്കുവേണ്ടി എല്ലാ രണ്ടാം വെള്ളിയാഴ്ചയും വൈകുന്നേരം മുതൽ ശനിയാഴ്ച രാവിലെ വരെ നടക്കുന്ന കോർ-ഗ്രൂപ്പ് കൂടിവരവുകളിലേക്ക് തക്ക യുവജനങ്ങളെ കണ്ടെത്തി പങ്കെടുപ്പിക്കുന്നതിൽ ഉത്സാഹിക്കണം.

കലയപുരം കൺവൻഷൻ 2019 ജനുവരി 9 മുതൽ 13 വരെയും, കല്ലട കൺവൻഷൻ 15 മുതൽ 20 വരെയും, ഇടത്തറ കൺവൻഷൻ 16 മുതൽ 20 വരെയും നടക്കുന്നതാണ്. അതാത് ഭാഗങ്ങളിലുള്ളവർ പ്രാർത്ഥനാപൂർവ്വം യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

പത്തനാപുരം തേവലക്കര, കണ്ണംകോട് സെന്ററുകളിൽ അത്മായ പരിശീലനക്ലാസുകൾ ക്രമീകൃതമായി നടന്നുവരുന്നു. നല്ല അത്മായപങ്കാളിത്തം ഈ പരിശീലനപരിപാടിയിൽ ഉണ്ടാകുന്നത് ശ്ലാഘനീയമാണ്.

വലിയനോമ്പ് മാർച്ച് 3-ാം തീയതി സമാരംഭിക്കുമല്ലോ. നോമ്പ് ധ്യാനങ്ങൾ എല്ലാ ഇടവകകളിലും കാലേക്കൂട്ടി ക്രമീകരിക്കേണ്ടതാണ്. ഈ നോമ്പ് ധ്യാനത്തിന് സഹായകമായി ഭദ്രാസനത്തിലെ പട്ടക്കാർ ഒത്തുചേർന്ന് തയ്യാറാക്കുന്ന നോമ്പ് ധ്യാനചിന്തകളടങ്ങിയ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതാണ്. ആയത് ഓരോ ഭവനത്തിലും ഓരോ കോപ്പി വാങ്ങി ഉപയോഗിക്കേണ്ടതാണ്. 2019 മാർച്ച് 02-ാം തീയതി രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ ഭദ്രാസനത്തിലെ പട്ടക്കാർക്കായി “നോമ്പ് ധ്യാന ഒരുക്കം” എന്ന പ്രോഗ്രാം നടത്തപ്പെടുന്നതാണ്. വലിയനോമ്പുനാളുകളിൽ നാം ഭക്ഷണം വെടിഞ്ഞും, ഭക്ഷണകാര്യങ്ങളിൽ മിതത്വം പാലിച്ചും മറ്റുള്ളവരെ കരുതുന്നത് കരുണീയമാണ്. നമ്മുടെ ഭദ്രാസനം “ഹെർമ്മോൻ ആർദ്രത ഹെൽത്ത് സ്കീം” എന്ന ആരോഗ്യ പരിരക്ഷാപദ്ധതിയിലൂടെ ഭദ്രാസനത്തിന്റെ പരിധിയിലുൾപ്പെട്ട ക്യാൻസർ രോഗികൾക്ക് ചികിത്സാസഹായം നൽകുന്നതിന് ആഗ്രഹിക്കുന്നു. ഇടവകകളിൽനിന്നും നോമ്പുനാളുകളിൽ ഇപ്രകാരം സമാഹരിക്കുന്ന തുകയും, വ്യക്തിഗത സംഭാവനകളും ഈ പദ്ധതിയിലേക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നാം ഒരു തീർത്ഥാടക സമൂഹത്തിന്റെ ഭാഗമാണെന്നുള്ള തിരിച്ചറിവിൽ, ഒരേ മനസ്സോടും പ്രാർത്ഥനയോടും ലക്ഷ്യത്തോടും കൂടി മുൻപോട്ട് പോകുവാൻ സാധിക്കണം. വലിയനോമ്പിന്റെ നാളുകൾ ഈ യാത്രയെ കൂടുതൽ ശക്തീകരിക്കുന്നതിന് ഇടയാക്കട്ടെ. ദൈവം നിങ്ങളെ ഏവരേയും അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

Mar Paulos+

ഹെർമ്മോൻ അരമന, അടൂർ
2019 ജനുവരി 1

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



അടൂർ ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യുന്നു. അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ നേതൃത്വവും കാലോചിതമായ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ഭദ്രാസനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വഴിയൊരുക്കുന്നു.

ഭദ്രാസനത്തിലെ ഇടവക ശുശ്രൂഷകർക്കായുള്ള ഒരു കൂടിവരവ് ഡിസംബർ 4-ാം തീയതി നടന്നു. അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ റവ. ഐ. ജോർജ്ജ് ശുശ്രൂഷകർക്ക് ആവശ്യമായ പ്രബോധനങ്ങളും നിർദ്ദേശങ്ങളും നൽകി. 45 ഇടവകശുശ്രൂഷകർ പ്രസ്തുത സമ്മേളനത്തിൽ പങ്കാളികളായി.

ഭദ്രാസനത്തിന്റെ ക്രിസ്തുമസ് സൃഷ്ടിക്കൊരു സങ്കീർത്തനം ഡിസംബർ 9-ന് അടൂർ യൂത്ത് സെന്ററിൽ വെച്ച് നടന്നു. ക്രിസ്തുമസ് കരോൾ ഗാനങ്ങളും വിവിധ ദൃശ്യാവിഷ്കാരങ്ങളും ഉണ്ടായിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയിലെ മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. അലക്സിയോസ് മാർ യൂസേബിയസ് മെത്രാപ്പോലീത്താ മുഖ്യസന്ദേശം നൽകി.

ഭദ്രാസനത്തിലെ ചുമതലയിലുള്ള അനുഗ്രഹ ഡി-അഡീഷൻ ക്യാമ്പ് ഒക്ടോബറിലും, ഡിസംബറിലും നടന്നു. 28 കുടുംബങ്ങൾ ഇതിൽ പങ്കെടുത്തു. എല്ലാ മാസവും ആദ്യ ശനിയാഴ്ച റിവൈവൽ മീറ്റിംഗ്, രണ്ടാം വെള്ളിയാഴ്ച മുഴുരാത്രി പ്രാർത്ഥന, നാലാം ശനിയാഴ്ച ആർദ്രത പാലിയേറ്റീവ് കൂടിവരവ് എന്നിവ ഭംഗിയായി നടന്നുവരുന്നു. വിജയവഴി ക്യാമ്പ് ഒക്ടോബർ 17 മുതൽ 20 വരെ നടന്നു.

ഭദ്രാസന കൺവൻഷൻ 2019 ജനുവരി 2 മുതൽ 6 വരെ നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിരിക്കണമെന്ന് അറിയിക്കുന്നു. ജനുവരി 26-ന് ഭദ്രാസന കുടുംബസംഗമം സ്പിരിച്ച്വാലിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടും.

ഒരു വർഷംകൂടി നമ്മെ വിട്ടുപിരിയുന്നു. ദൈവത്തിന്റെ അനവരതമായ നന്മകൾ നാം അനുഭവിച്ചു. നന്ദിയോടെ പുതിയ വർഷത്തിലേക്ക് പ്രവേശിക്കാം. സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭിക്കുവാൻ പുതിയ വർഷം സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ക്രിസ്തുമസ്-പുതുവത്സരാശംസകളോടെ....

**റവ. വി. കുഞ്ഞുകോശി**
ഭദ്രാസന സെക്രട്ടറി



## ഒന്നു വഴിമാറി ഓടിയിരുന്നെങ്കിൽ...

അപ്രതീക്ഷിതവും അവിചാരിതവുമായ അവിസ്മരണീയ മുഹൂർത്തങ്ങൾക്കു 2018-ൽ നാം സാക്ഷിയായി. അതിരുകളില്ലാത്ത ദൈവകൃപയുടെ തണലിൽ പുതിയ ചരിതം രചിക്കുന്നതിനായി 2019 പ്രതീക്ഷയോടെ നാം വരവേറ്റു. അജ്ഞാതവും അവ്യക്തവുമായ ലോകത്തിൽ കൂടി നാം യാത്ര ചെയ്യുമ്പോൾ വചനം പാദത്തിനു വിളക്കായും പാതയ്ക്കു വെളിച്ചമായും തീരട്ടെ.

വിരൽതുമ്പുകൊണ്ട് ലോകം മുഴുവനും സഞ്ചരിക്കുന്നതിന്റെ തിരക്കിൽ ബന്ധങ്ങളുടെ വിലയറിയാത്ത ഒരു സമൂഹം നമുക്കു പിന്നിൽ കാണുന്നുണ്ട്. വിവേകശൂന്യമായ വികസനവീക്ഷണങ്ങളും വികാരാധിഷ്ഠിതമായ വിശ്വാസാചാരങ്ങളും വിശുദ്ധി നഷ്ടപ്പെട്ട വ്യത്യസ്ത ഭാവങ്ങളും ഇന്നിന്റെ പ്രത്യേകതയായി മാറിയിരിക്കുന്നു.

ഇവിടെയാണ് വചനത്തിന്റെ കനൽവഴിയിലൂടെ ജീവിതത്തെ നിഷ്ഠയുള്ളതും നിർമ്മലവും ആക്കേണ്ടത്. അപ്പോൾ വചനം ആകർഷണീയവും ആധികാരികവും അനുകരണീയവുമായ രീതിയിൽ കാലാനുസൃതമായി വായിക്കുവാനും വ്യാഖ്യാനിക്കുവാനും വിക്ഷേപണം ചെയ്യുവാനും നമുക്ക് സാധിക്കണം.

ലെബാനോന്റെ കഥാകാരനായ ഖലീൽ ജിബ്രാന്റെ വാക്കുകൾ: "ഒരു മനുഷ്യന്റെ ഹൃദയവും മനസ്സും മനസ്സിലാക്കാൻ അയാൾ ഇതിനകം എന്തു നേടിയെടുത്തു എന്നതല്ല നോക്കേണ്ടത്. മറിച്ച് അദ്ദേഹം എന്തു ചെയ്യുവാൻ ലക്ഷ്യമിടുന്നു എന്നതാണ്."

ഇന്നലെയുടെ അനുഭവങ്ങൾ വളരെയേറെയാണ്. ഇന്നിന്റെ സാദ്ധ്യതകൾ വ്യത്യസ്തങ്ങളാണ്. നാളെയുള്ള പ്രതീക്ഷകൾ വിശാലമാണ്. ഒന്നു വഴിമാറി ഓടിയിരുന്നെങ്കിൽ എത്രയോ നല്ലതായിരുന്നു. ഓരോ പുതുവർഷവും അതിനുള്ള അവസരമാണ്. നമ്മിൽ ഉളവാകുന്ന ചെറിയ ഒരു മാറ്റം വലിയ ഒരു മാറ്റത്തിനു തുടക്കമാകാം. നല്ല തുടക്കത്തിനു ചിലതൊക്കെ നമുക്കനിവാര്യമാണ്.

Something must be retained -
ചിലതൊക്കെ നാം ആർജ്ജിക്കണം.

Something must be released -
ചിലതൊക്കെ നാം അവഗണിക്കണം.

Something must be remembered -
ചിലതൊക്കെ നാം അനുസ്മരിക്കണം.

നന്മനിറഞ്ഞ നവവത്സരാശംസകളോടെ...

റവ. പി.ജെ. തോമസ്
ചീഫ് എഡിറ്റർ

**ദൈ**വവചനത്തിന്റെ സത്യങ്ങളെ വിളിച്ചോതുവാൻ നിയോഗിതരായവരാണ് വിശ്വാസ സമൂഹം. എന്നാൽ ആ സത്യത്തെ യഥാർത്ഥമായ ജീവിത വിശുദ്ധിയോടെ പരിപാലിക്കുവാൻ നമുക്ക് സാധിക്കാതെ പോകുന്നു എന്നത് ഒരു വസ്തുതയാണ്. ക്രിസ്തീയ ആരാധനയെ ഏറ്റവും ഹൃദ്യമാക്കുന്നത് ദൈവവചന ധ്യാനത്തിലൂടെയാണ്. തിരുവചനം വർത്തമാനകാല ജീവിത യാഥാർത്ഥ്യങ്ങളോട് ഇണക്കിചേർത്ത് ആരാധനാ സമൂഹത്തിന് നല്കുക സഭയെ നയിക്കുന്നവരുടെ സുപ്രധാന നിയോഗമാണ്.

വി. മത്തായി എഴുതിയ സുവിശേഷം 7-ാം അദ്ധ്യായം 24 - 28 വരെയുള്ള വാക്യങ്ങൾ വചനത്തിന്റെ അർത്ഥത്തെ വിളിച്ചു പറയുന്ന ഭാഗമാണ്. തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ പണിയപ്പെടേണ്ട ഒന്നാണ് ക്രിസ്തീയ ജീവിതം എന്ന് പഠിപ്പിക്കലാണ് ഈ വേദാഗം നമ്മെ ഓർമ്മിപ്പിക്കുന്നത്.

വർത്തമാനകാലം വചനപ്രഘോഷണത്തിന്റെ നാളുകളാണ്. വചനം കേൾക്കുന്നവർ അതിനെ അനുസരിക്കുവാൻ എത്രത്തോളം തയ്യാറാകുന്നു എന്നതാണ് പ്രാധാന്യം. യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷ വേളയിൽ ഏറെ ശ്രദ്ധിച്ചിരുന്ന ഒന്നുണ്ട് അവൻ പറയുന്നത് പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് അത്തരം രീതികൾ ഒന്നുംതന്നെ ആരും ശ്രദ്ധിക്കുന്നതുമില്ല.

ദൈവവചനത്തെ ശ്രവിക്കുന്നവർ രണ്ട് തരത്തിൽ ഉണ്ടെന്ന് വേദഭാഗം പഠിപ്പിക്കുന്നു. ബുദ്ധിയുള്ളവർ, ബുദ്ധിയില്ലാത്തവർ. ദൈവത്തിന്റെ വചനം കേൾക്കുക മാത്രമല്ല, പിന്നെയോ വചനം നിവർത്തിക്കുന്നവരായി ബുദ്ധിയുള്ളവരെ ചിത്രീകരിക്കുന്നു. (Listen and Do). പലപ്പോഴും സാധിക്കാതെ പോകുന്ന ഒന്നാണ് ശ്രവിക്കുക എന്നത്. കർത്താവ് എന്താണ് പഠിപ്പിച്ചത് എന്നോ, സഭ എന്താണ് പഠിപ്പിക്കുന്നത് എന്നോ ശ്രദ്ധിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. അതിനാൽ തന്നെ പല തെറ്റായ സമ്പ്രദായങ്ങളും കടന്നു വരുന്നു. വചനം ശ്രവിക്കുന്നതിനു ശേഷം അത് പ്രവൃത്തിയിലേക്ക് നയിക്കുക എന്നതാണ് അടുത്ത പടി. ക്രിസ്തീയ മൂല്യങ്ങളെ പ്രായോഗിക തലത്തിൽ പ്രവേശിപ്പിക്കുവാൻ സാധിക്കുക എന്നത് ശ്രമകരമാണ്. മൂല്യങ്ങളെ വാക്കിൽ നിന്ന് പ്രവൃത്തിയിലേക്ക് കൊണ്ടുവ



റവ. സുബിൻ സാം മാത്യു

# വചനത്തിന്റെ സ്വപ്നം സത്യം സാധ്യത



രേണ്ടത് നമ്മുടെ ദൗത്യമാണ്. വചനത്തിന്റെ കേൾവിയും, പ്രവൃത്തിയും ഒരുപോലെ ആകുവാൻ ശ്രമിക്കണം. ദൈവവചനത്തിന്റെ വിവിധ കാലങ്ങളിലൂടെയുള്ള സഞ്ചാരമാണ് ഈ വേദഭാഗത്ത് നമുക്ക് അനുഭവിക്കുവാൻ സാധിക്കുന്നത്. ഈ സഞ്ചാരത്തിനു സ്വപ്നമുണ്ട്, സത്യമുണ്ട്, സാധ്യതയുണ്ട്. ആ സ്വപ്ന-സത്യ-സാധ്യതാ തലങ്ങളിലൂടെയുള്ള യാത്രയാണ് ആഗ്രഹിക്കുന്നത്.

**വചനത്തിന്റെ വസന്തകാലം**

ദൈവവചനത്തിന്റെ സ്വപ്നമാണീ കാലം. ഏതൊരു കർഷകനും ആഗ്രഹിക്കുന്ന ഒന്നാണ് താൻ വിതച്ച വിത്തിന്റെ കൊയ്ത്തു കാലം. വസന്തകാലത്തിന്റെ നന്മകൾ ആഗ്രഹിക്കുന്ന കർഷനെപ്പോലെ ക്രിസ്തു തന്റെ വചനത്തിന്റെ വസന്തകാലം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ വചനങ്ങളെ കേൾക്കുന്നവർ (വാ. 24) എന്നത് ദൈവപുത്രന്റെ സ്വപ്നമാണ്. ഇനിയും യാഥാർത്ഥ്യമാക്കുവാൻ ഉള്ള സ്വപ്നം. മനുഷ്യ ജീവിതത്തിൽ ദൈവവചനത്തിന്റെ വസന്തകാലം വരുവാൻ നാം പരിശ്രമിക്കണം. കേവലം ഒരു ശ്രമമല്ല ആവശ്യം, അതിനായിട്ടുള്ള അദ്ധ്വാനമാണ് ആവശ്യം. വചനത്തിന്റെ വസന്തകാലം വരുവാൻ തക്കവണ്ണം വിത്തു വിതയ്ക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ഫലം ലഭിക്കുവാൻ പാകത്തിന് നല്ല നിലത്തിൽ വിത്ത് വിതച്ചാൽ, മുപ്പതും അറുപതും നൂറും മേനിയായി അത് വളരും എന്നത് നിശ്ചയമാണ്. വചനത്തിന്റെ വസന്തകാലത്തിൽ, ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനമായി ഉള്ള യാതൊന്നും ഫലമായി മാറാതെയിരിക്കുകയില്ല. നമ്മുടെ ഹൃദയങ്ങളെ അതിനായി ഒരുക്കുക.

**വചനത്തിന്റെ വരൾച്ചാകാലം**

ദൈവവചനത്തിന്റെ ഇന്നിന്റെ അവസ്ഥയാണിത്. വസന്തകാലം പ്രതീക്ഷിക്കുന്നുവെങ്കിലും വരൾച്ചാകാലമായി മാറിപ്പോകുന്നു. കർഷകനു തന്റെ കൃഷിയിടത്തിൽ നഷ്ടങ്ങൾ ഏറെ സംഭവിക്കുന്നത് ഈ കാലത്തിലാണ്. തന്റെ അദ്ധ്വാനവും വിയർപ്പും വെറും നഷ്ടമായി പോകുന്ന കാഴ്ച നാം കണ്ടിട്ടുള്ളതാണ്. ദൈവത്തിന്റെ വചനത്തെ കേട്ട് ചെയ്യാത്തവനൊക്കെയും (വി. മത്തായി 7:26) എന്നത് ദൈവപുത്രന്റെ രോദനമാണ്. അവന്റെ അവസ്ഥ തികച്ചും പരിതാപകരമാണ്. കാറ്റിലും, മഴയിലും വെയിലിലും, വരൾച്ചയുടെ അനുഭവത്തിലും, എല്ലാം തകർന്ന് പോകുന്നു. ജീവിതമാകുന്ന സാഹചര്യത്തിൽ, പ്രതിസന്ധികൾ ഏറെയുണ്ടാകും. വചനത്തിന്റെ കേൾവി മാത്രം നമ്മെ വരൾച്ചാ കാലത്തേക്ക് നയിക്കുവാൻ ഇടയാകും. ഈ വരൾച്ചാ കാലത്തെ തെളിനീരായി മാറേണ്ട നമ്മുടെ പ്രവർത്തനങ്ങളാണ് പരാജയത്തിന്റെയും പ്രതിസന്ധിയുടെയും നിരാശയുടെയും മദ്ധ്യത്തിൽ പിടിച്ചു നിൽക്കുവാൻ വിശ്വാസിക്ക് കഴിയണമെങ്കിൽ അവന്റെ യാത്ര വചനത്തോടൊപ്പം ആയിരിക്കണം. എന്നാൽ അവയിൽ തളരാതെ നില്ക്കുവാൻ ദൈവവചനത്തിന്റെ അടിസ്ഥാനം പ്രധാനമാണ്.

**വചനത്തിന്റെ വളർച്ചാകാലം**

ദൈവവചനത്തിന്റെ സാധ്യതയുടെ പൊൻകിരണമാണീ കാലം. വരൾച്ചയുടെ അനുഭവത്തിൽ നിന്നും വളർച്ചയുടെ കാലത്തിലേക്ക്. കേരളം കഴിഞ്ഞ നാളുകളിൽ കണ്ട ഏറ്റവും വലിയ ദുരന്തത്തിൽ നിന്നും നാം ഉയരുന്നത് വളർച്ചയുടെ കാലത്തിലേക്കാണ്. നവകേരള നിർമ്മിതിയിലേക്കാണ്. ദൈവവചനത്തിന്റെ സ്വപ്നത്തിലേക്ക് നമ്മെ നയിക്കുവാൻ സാധിക്കുന്നത് ഇത്തരം സാധ്യതയിലൂടെയാണ്. ഈ വളർച്ചാകാലത്തേക്ക് നമുക്ക് പ്രവേശിക്കുവാൻ സാധിക്കുന്നത്, ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു (വി.യോഹ. 14:6) എന്ന് പഠിപ്പിച്ച നാഥനിലൂടെയാണ്. ചലിക്കുവാൻ കഴിയാത്ത ചൂണ്ടുപലകയായി അല്ല അവൻ നമ്മെ വഴി കാട്ടുന്നത്. താൻ തന്നെയാണ് വഴി എന്ന് പ്രഖ്യാപിക്കുന്നവനെ പിൻപറ്റിയാൽ ഈ വളർച്ചാകാലം നമുക്ക് വിദൂരമല്ല.

വചനത്തിന്റെ വസന്തകാലമെന്ന സ്വപ്നത്തിലേക്ക് നാം മുന്നേറുവാൻ ആഗ്രഹിക്കുമ്പോൾ, ഇന്നിന്റെ സത്യമായ വചനത്തിന്റെ വരൾച്ചാകാലത്ത് നിന്ന് വളർച്ചയുടെ നന്മയിലേക്ക് ചേക്കേറുവാൻ അവൻ നമ്മെ സഹായിക്കട്ടെ. അത്തരം സാധ്യതകളിലേക്ക് നമ്മെ അവൻ ക്ഷണിക്കുമ്പോൾ മടികൂടാതെ, വചനത്തിന്റെ ശക്തിയിൽ നമുക്ക് പ്രവർത്തിക്കാം.

## ഹെർമ്മോൻ ആർദ്രത ഹെൽത്ത് കെയർ സ്കീം

**നമ്മുടെ ഭദ്രാസനത്തിന്റെ പരിധിയിലുള്ള നിർദ്ദനരായ രോഗികൾക്ക് അടിയന്തരഘട്ടങ്ങളിൽ വൈദ്യസഹായം നൽകുന്നതിലേക്ക് വലിയനോമ്പ് കാലയളവുകളിൽ ഭക്ഷണം വെടിഞ്ഞും ഭക്ഷണകാര്യങ്ങളിൽ മിതത്വം പാലിച്ചും ലഭിക്കുന്ന തുകയും വ്യക്തിഗത സംഭാവനകളും സമാഹരിച്ച് ഹെർമ്മോൻ ആർദ്രത ഹെൽത്ത് കെയർ സ്കീമിൽ ഏവർക്കും പങ്കാളിയാകാം. ആർദ്രതാ പെയിൻ & പാലിയേറ്റീവ് മിനിസ്ട്രി കൂടുതൽ അനുഗ്രഹമായി നടത്തുന്നതിന് ഇത് സഹായകമാകും.**



# വചനം രൂപാന്തരത്തിന്റെ ചാലകശക്തി

വിശ്വാസജീവിതത്തിന്റെ അടിസ്ഥാനശില തിരുവചനമാണ്. ദൈവീക വെളിപ്പാടുകൾ മനുഷ്യജീവിതത്തിൽ വ്യത്യസ്ത മുഖാന്തര ങ്ങളിലൂടെയാണ് വെളിപ്പെട്ടു ലഭിക്കുന്നത്. അതിൽ ഒരു മുഖാന്തിരമാണ് ദൈവവചനം. വചനം എന്നത് ദൈവത്തിന്റെ സ്വത്വവും ആളത്വവുമാണ്.

പഴയനിയമത്തിൽ വചനത്തെ കുറിക്കുന്നത് ദാബർ (dabar) എന്ന എബ്രായപദമാണ്. പ്രവചനങ്ങൾ, കല്പിക്കലുകൾ, മുന്നറിയിപ്പുകൾ എന്നിങ്ങനെ വ്യത്യസ്തമായ അർത്ഥതലങ്ങൾ ഈ പദത്തിന് കൊടുത്തിട്ടുണ്ട്.

പുതിയനിയമത്തിൽ വചനത്തെ കുറിക്കുന്നതിന് ഗ്രീക്കിൽ ലോഗോസ് (Logos) എന്നും റീമ (Rheme) എന്നും രണ്ട് പദങ്ങൾ ഉപയോഗിച്ച് വന്നിട്ടുണ്ട്. ഇവ രണ്ടും ഒരേ അർത്ഥതലത്തിൽ സുവിശേഷഭാഗത്തും, ലേഖനങ്ങളിലും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്.

ആദിയിൽ സൃഷ്ടികർമ്മത്തിൽ ദൈവം ഉപയോഗിച്ചത് വചനം എന്ന ടൂൺ ആണ്, ആയതിനാൽ വചനത്തിന് സൃഷ്ടിപരമായ സാധ്യതകൾ ഏറെയാണ്. ആദിയിൽ നിശബ്ദതയിൽ മുഴങ്ങിയ ദൈവത്തിന്റെ വാക്കാണ് വചനം എന്ന് പറയുന്നത്. ആ വാക്കുകൾ അരൂപമായി കിടന്നതിനെ രൂപത്തിലേക്ക് കൊണ്ടുവന്നു. ആയതിനാൽ വചനത്തിന്റെ രൂപാന്തരശക്തി ആദിയിൽ സൃഷ്ടികർമ്മത്തിൽ വെളിവാക്കപ്പെട്ടു. വചനം സജീവമായി ഓരോ വ്യക്തിയിലും ഇടപെടുന്നു. വി. പൗലോസ് എഫെസ്യ ലേഖനത്തിൽ ദൈവവചനം മൂർച്ചയേറിയ (എഫെ. 6:17) ആത്മാവിന്റെ വാളായി ചിത്രീകരിക്കുമ്പോൾ, വെളിപ്പാട് പുസ്തകത്തിൽ



റവ. ജോർജ്ജ് വർഗ്ഗീസ്
(മണ്ണടി മാർത്തോമ്മാ ചർച്ച്)

ഇരുവായ്ത്തലയുള്ള മുർച്ചയേറിയ വാൾ (വെളിപ്പാട് 1:16, 19:15) ആയി കാട്ടിത്തന്നു.

മാത്രമല്ല 19-ാം സങ്കീർത്തനത്തിൽ വചനത്തിന്റെ മാസ്മരികമായ ശക്തി എന്ത് എന്ന് വെളിപ്പെടുത്തുന്നു. എബ്രായ ലേഖന കർത്താവ് ഉപയോഗിക്കുന്നത് ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതും ഇരുവായ്ത്തലയുള്ള ഏത് വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രായർ 4:12).

ഹൃദയത്തിന്റെ ബാഹ്യവും, ആന്തരികവുമായ രൂപാന്തരം വചനത്തിലൂടെ സാധ്യമായിത്തീരുന്നു. തിരുവചനം മാനസാന്തരത്തിന്റെ പുത്തൻ വഴികൾ തുറന്നുതരുന്നു. ആദിമസഭയിൽ വചനം കേട്ടവർ എപ്രകാരം രൂപാന്തരം ഉണ്ടായി എന്നത് അ.പ്ര. 2:37-40 വരെ പ്രസ്ഥാവിക്കുന്നുണ്ട്. പത്രോസ് ശ്ലീഹായുടെ പ്രസംഗം കേട്ടവർ അനുതാപവും പാപബോധവും ഉളവായി രൂപാന്തരം പ്രാപിക്കുന്നു. വചനം നമ്മിൽ അസ്വസ്ഥത ഉളവാക്കുന്നതും നീതിബോധം ഉണർത്തുന്നതുമാണ്. യോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നത് വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു (വി. യോഹന്നാൻ 1:2) വചനം ജഡമായിത്തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. (വി. യോഹന്നാൻ 1:14). യേശുവിന്റെ ജീവിതത്തെയാണ് സുവിശേഷമായി അവതരിപ്പിക്കുന്നത്.

ദൈവവചനത്തിലൂടെ ദൈവനിയോഗങ്ങളെ തിരിച്ചറിയണം. ദൈവവചനത്തോട് സംവാദിക്കുകയും (dialogue) സംവേദനം (communicate) ചെയ്യുകയും നമ്മുടെ ജീവിതപരിസരങ്ങളോട് ചേർത്തുനിർത്തി പുത്തൻ വായന (Reading) നടത്തുകയും ചെയ്യണം. അത് പുത്തൻ ദിശകൾ കണ്ടെത്തുന്നതിന് സഹായിക്കും. യേശുവിന്റെ ജീവിതം, പിതാവിന്റെ ഹിതം തന്റെ വാക്കിലൂടെ, വചനത്തിലൂടെ, ജീവിതത്തിലൂടെ വെളിവാകുകയായിരുന്നു. അതാണ് വചനം ജഡം ധരിക്കുക എന്നത്.

വചനം ഒരു പുതിയ സാമ്പത്തികശാസ്ത്രം പഠിപ്പിക്കുന്ന (a new economics) ഭൗതീക ഐശ്വര്യത്തിന്റെയും ഉപരിവിപ്ലവപരമായ ആത്മീകതയുടെയും സമൃദ്ധി നൽകുന്ന സുവിശേഷത്തിന്റെയും ഘടനകളിൽ നിന്നും. വ്യത്യസ്തമായി സ്വയം ദരിദ്രനാകുന്ന ഒരു സുവിശേഷം യേശു പഠിപ്പിക്കുന്നു. മത്തായി 5:3-12 വരെയും ഗിരിപ്രഭാഷണത്തിൽ മൊത്തമായും ഒരു പുത്തൻ സാമ്പത്തിക ധർമ്മ ശാസ്ത്രം യേശു പ്രഖ്യാപിക്കുന്നു. വചനം നമ്മെ നവീകരിക്കുന്നു. സഭയുടെ നവീകരണ ഉൾക്കാഴ്ച ലഭിച്ചത് തുറന്ന വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിലാണ്. അർത്ഥപൂർണ്ണമായ വചന വ്യാഖ്യാനവും കാലികമായ വചനപഠനവും വിശ്വാസത്തിന്റെ ഉറവകളാക്കി മാറ്റണം. അത് നമ്മുടെ ജീവിത പരിസരങ്ങളെ കണ്ടെത്തി, കുറവുകളെ തിരുത്തി രൂപാന്തരപ്പെടുന്നതിനും നമ്മെ വെല്ലുവിളിക്കും. വചനാധിഷ്ഠിത ജീവിതശൈലി ഉണ്ടാകുമ്പോൾ അത് നമ്മിൽ പരിവർത്തനത്തിന്റെ ചാലകശക്തിയായി മാറുന്നു. നാം ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു.

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും**

**2019 ഫെബ്രുവരി 20-നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2019 ഏപ്രിൽ - ജൂൺ**

**വിഷയം : പ്രകൃതി സൗഹൃദ ജീവിതശൈലി**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ്- 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ - 691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

# ഉത്തമ വിശ്വാസം



**അ**പ്പൊസ്തലൻ എന്നാൽ അയയ്ക്കപ്പെട്ടവൻ എന്ന അർത്ഥതലത്തിന്റെ പൂർണ്ണ രൂപമായി വി.പൗലോസ് അപ്പൊസ്തലൻ തന്റെ ക്രിസ്തീയ ദൗത്യനിർവ്വഹണത്തെ റോമർക്ക് എഴുതിയ ലേഖനത്തിലൂടെ സാക്ഷ്യപ്പെടുത്തുന്നു.

രാത്രി കഴിയാറായതിനാൽ പ്രകാശത്തിന്റെ ആയുധങ്ങൾ അണിഞ്ഞുകൊണ്ട് പകലിനൊത്തവണ്ണം പെരുമാറാൻ റോമക്കാരെ (മാനവവംശത്തേയും) ഉത്ബോധിപ്പിക്കുന്ന ഈ സംരചന വേദഗ്രന്ഥത്തിലെ സുപ്രധാന ഭാഗങ്ങളിലൊന്നാണ്.

യഹൂദ ക്രിസ്ത്യാനികളിൽ ചിലർ ഗലാതൃയയിലെത്തി കുറെ അബദ്ധ പ്രബോധനങ്ങൾ വഴി സഭയിൽ കുഴപ്പങ്ങൾ വരുത്തിവെച്ചു. വിശ്വാസികളിൽ ചാഞ്ചല്യവും ഗതിമാറ്റവും വന്നു തുടങ്ങി. മാത്രമല്ല, മുൻപേ തന്നെ അവിടെ വന്നുപോയ വി. പൗലോസിന്റെ അപ്പൊസ്തോലികതക്കെതിരെ ഗലാതൃർ പറഞ്ഞു തുടങ്ങി. ക്രിസ്തുവിന്റെ സുവിശേഷത്തെ ദുഷിപ്പിക്കുവാനായുള്ള ഗലാതൃയരുടെ ഭോഷത്വത്തെ തുറന്നുകാട്ടികൊണ്ടാണ് വി. പൗലോസ് അവർക്കെഴുതിയത്. സത്യമാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചവരെ സത്യവിശ്വാസത്തിന്റെ കൃപാവരങ്ങൾ സ്വീകരിക്കുന്നതിന് അവരെ പ്രേരിപ്പിക്കുന്നതാണ് പ്രസ്തുത ലേഖനം. കാലോചിതമായ വിശ്വാസം വ്യാഖ്യാനിക്കപ്പെടുന്നതാണല്ലോ ദൈവശാസ്ത്രം.

ഗലാതൃർക്കുള്ള ലേഖനത്തിന്റെ വികസിതമായൊരു രൂപം റോമക്കാർക്കുള്ള ലേഖനത്തിലും വ്യക്തമാണ്. ദൈവപുത്രന്റെ കൃപാകടാക്ഷത്തിനു സർവ്വജനതയും വിധേയപ്പെടേണ്ടതാകുന്നു. ഉത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്നവിധം ദൈവപുത്രനായി നിശ്ചയിക്കപ്പെട്ട ക്രിസ്തുവിന്റെ വലിയ നാമം പ്രകീർത്തിക്കപ്പെടേണ്ടതത്രേ. യേശുവിന്റെ മരണവും ഉത്ഥാനവും വഴി സാധിതമായ രക്ഷയുടെ സുവിശേഷം യഹൂദരേയും വിജാതീയരേയും അറിയിക്കാനുള്ള നിയോഗം പൗലോസ് അപ്പോസ്തലനുണ്ടായിരുന്നു. “ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്” (ഗലാ:2:20) എന്ന് വി.പൗലോസ് എഴുതുമ്പോൾ “ഞാനും എന്നെ അയച്ചവനും” ഒന്നാണെന്ന ക്രിസ്തുവിന്റെ



കെ.ജോൺസൺ വൈദ്യൻ
(തേവലക്കര വലിയപള്ളി)

ദൃഢമാർന്ന വിശ്വാസത്തെ അദ്ദേഹം സാംശീകരിക്കുകയാണ്. ദൈവപുത്രന്റെ രക്ഷണീയവേല അപ്പൊസ്തലന്മാരിലൂടെ നൈരന്തര്യം പ്രാപിക്കുന്ന ഒരു ദൈവശാസ്ത്രം നമുക്കിവിടെ സുവ്യക്തമാകുന്നു.

ഗലാതൃയയിലും കൊറിന്തിയോസിലും പ്രബലപ്പെട്ടുവന്നിരുന്ന എന്തെങ്കിലും പുതിയ ചിന്താധാര റോമിൽ രൂപപ്പെട്ടിരുന്നതായി പറയാനാകില്ല. എങ്കിലും സഭയ്ക്കും വിശ്വാസത്തിനുമെതിരായ ചില പ്രവണതകൾ ഉണ്ടായി എന്നു ധരിക്കണം. ആത്മാവിൽ നിന്ന് നിത്യജീവൻ നേടിയെടുക്കണമെങ്കിൽ ദൈവപുത്രനിലുള്ള വിശ്വാസത്തെ ബലവത്താക്കേണ്ടിയിരുന്നു. "അവന്റെ (ക്രിസ്തുവിന്റെ) നാമത്തെപ്രതി വിശ്വാസത്തിന്റെ വിധേയത്വം സകലജാതികളിലും ഉണ്ടാക്കേണ്ടതിന്" ആണ് അപ്പൊസ്തോലസ്ഥാനവും കൃപയും പ്രാപിച്ചതെന്ന് വി.പൗലോസ് റോമർക്കെഴുതിയ ലേഖനത്തിൽ ആദ്യംതന്നെ രേഖപ്പെടുത്തി. സുവിശേഷവേലയ്ക്കുള്ള തന്റെ യോഗ്യതയേയും നിയോഗത്തേയും വെളിപ്പെടുത്തുകയാണിവിടെ.

അനീതിയുടേയും അസത്യത്തിന്റേയും വഴി എന്താകും? അനീതിയിൽ സത്യത്തെ തളച്ചിടുന്നവന് കൈവല്യം ലഭിക്കുകയില്ല. ജ്ഞാനി എന്നു ഭാവിച്ചുകൊണ്ട് ഭോഷന്മാരാകുന്നവർ ദൈവത്തെ അംഗീകരിക്കുന്നില്ല. അവർ അവരുടെ നാവിനെ വഞ്ചനക്ക് ഉപയോഗിക്കുന്നു. ദൈവത്തെ അംഗീകരിക്കുന്നത് കുറവായികാണുന്നവർ അക്കാലത്തും ഉണ്ടായിരുന്നു. അധമവികാരത്തിനും അനുചിത പ്രവൃത്തികൾക്കുമാണ് ദൈവം അവരെ വിട്ടുകൊടുത്തിരിക്കുന്നത്. അവർ എല്ലാത്തരത്തിലുമുള്ള അനീതിയും ദുഷ്ടതയും അത്യാഗ്രഹവും തിന്മയും നിറഞ്ഞവരാണ്. പരദ്രോഹം, വഞ്ചന, കലഹം, ഏഷണി, കൊലപാതകം എന്നിവയിൽ വ്യാപൃതരാകുന്നു. ധിക്കാരികളും, ധാർഷ്ട്യക്കാരും, ഗർവ്വിഷ്ഠരും, ദ്വന്ദപക്ഷക്കാരും, പൊങ്ങച്ചം നിറഞ്ഞവരും ആയിക്കൊണ്ട് അവർ തിന്മകൾ ആസൂത്രണം ചെയ്തുകൊണ്ടേയിരിക്കും. ഇവർക്ക് നരകത്തിൽ ഇടം ലഭിക്കുമാറാകുന്നു. പാപത്തിന്റെ വേതനം മരണമാണല്ലോ. ദൈവ കൃപയിൽ മാത്രമേ ദൈവവുമായി മനുഷ്യർക്ക് നിരപ്പ് സാധ്യമാകൂ. അത് വിശ്വാസത്തിലൂടെയാണ് സഫലമാകുന്നത്.

കൃപാവരം നിത്യജീവനാണ്; ക്ഷമയും ദൈവത്തോടുള്ള നിരപ്പും സാധ്യമാക്കിയ ക്രിസ്തുവിനെ വിശ്വസിക്കുന്നവർക്ക് ദൈവം നൽകുന്ന ദാനമാണ് നിത്യജീവൻ. എന്നാലും നിത്യജീവന്റെ വഴി ചൂണ്ടുക എന്നത് അപ്പൊസ്തോലികമായ ഒരു കടമയത്രേ. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്ന ക്രിസ്തു കൽപനയിൽ നിയമം ഒന്നാകെ അടങ്ങിയിരിക്കുന്നു. ഉറച്ച ക്രിസ്തു വിശ്വാസത്തിലൂടെ നിത്യജീവൻ പ്രാപിക്കുന്നതിന് തികവും തെളിവുമുള്ള ഉത്തമവിശ്വാസികളാകാൻ ശ്രമിക്കാം.

## വാർത്തകൾ

### കരിസ്മാറ്റിക് ധ്യാനം

എല്ലാ 1–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

### കോർ ഗ്രൂപ്പ് യൂത്ത് ഫെല്ലോഷിപ്പ്

എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും വൈകിട്ട് 6.30 മുതൽ

### മുഴുരാത്രി പ്രാർത്ഥന

എല്ലാ മൂന്നാം വെള്ളിയാഴ്ചയും, അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ

### പെയിൻ & പാലിയേറ്റീവ്

എല്ലാ 4–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

# ഭദ്രാസന കുടുംബസംഗമം

**2019 ജനുവരി 26 രാവിലെ 10 മുതൽ 1 വരെ**

**സ്ഥലം: അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ**

ഡോ. ജാൻസി ജയിംസ്
തേവലക്കര ഇമ്മാനുവേൽ

# ഏകാന്തത

"വെള്ളം വെള്ളം സർവ്വത്ര, തുള്ളികുടിക്കാനില്ലത്രെ'' എന്ന ചൊല്ലുപോലെയാണ് ഇന്നത്തെ നമ്മുടെ സമൂഹത്തിന്റെ അവസ്ഥ. വീർപ്പുമുട്ടിക്കുന്ന ജനപ്പെരുപ്പം എന്നാൽ നമ്മുടെ ഇടയിൽ ഒറ്റപ്പെടുന്നവരുടെ എണ്ണമോ അധികവും. വൃദ്ധസദനങ്ങൾ പെരുകുന്നു. അനാഥരേറുന്നു. എല്ലാവരും ഉണ്ടായിട്ടും ആരുമില്ലാത്തവരെപ്പോലെ ജീവിക്കുന്നവരുടെ എണ്ണവും വിരളമല്ല.

ട്രാൻസിസ്റ്റർ റേഡിയോ കണ്ടുപിടിച്ച ആളിനെപ്പറ്റി ഒരിക്കൽ വായിക്കാനിടയായി. അദ്ദേഹത്തിന്റെ കണ്ടുപിടിത്തത്തെ അനുമോദിക്കാൻ സംഘടിപ്പിച്ച സമ്മേളനത്തിൽ സംബന്ധിക്കാൻ പോവുകയായിരുന്നു. യാത്രാമദ്ധ്യേ ഭക്ഷണത്തിനായി റോഡിനരികിലെ ഒരു ഫാസ്റ്റ്ഫുഡ് റസ്റ്റോറന്റിൽ കയറി. അവിടെ ഒരു മേശയ്ക്കുചുറ്റും ഒരു കുടുംബം ഇരുന്നു ഭക്ഷണം കഴിക്കുകയാണ്. മാതാവും പിതാവും കൗമാരപ്രായക്കാരായ രണ്ടു മക്കളും. ഓരോരുത്തരുടെയും ചെവിയിൽ ഇയർഫോൺ ഘടിപ്പിച്ചിട്ടുണ്ട്. അവരവരുടെ ട്രാൻസിസ്റ്റർ റേഡിയോ ശ്രദ്ധിച്ചുകൊണ്ട് അവർ ഭക്ഷണം കഴിക്കുന്നു. തമ്മിൽ ഒരക്ഷരം ഉരിയാടുന്നില്ല. ഇതുകണ്ട് ആ ശാസ്ത്രജ്ഞൻ ആത്മഗതം ചെയ്തു. ആശയവിനിമയത്തിന് ഉപകരിക്കുന്നതിനു പകരം മനുഷ്യരെ തമ്മിൽ ഒറ്റപ്പെടുത്തുവാനാണിടയാക്കുന്നതെങ്കിൽ ഈ ഉപകരണം ഉണ്ടാക്കാതിരുന്നെങ്കിൽ നന്നായിരുന്നു.

പോയകാല സംസ്കാരങ്ങളിൽ വ്യക്തി ഒറ്റപ്പെട്ടവനായിരുന്നില്ല. നമ്മുടെ ഉപഭോഗസംസ്കാരം വ്യക്തികളെ ഉപയോഗിക്കാനല്ലാതെ സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നില്ല. നമ്മുടെ എല്ലാ ബന്ധങ്ങളും എനിക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന സ്വാർത്ഥലക്ഷ്യത്തോടെയാണ്. അല്ലാതെ പരസ്പരമുള്ള സ്നേഹത്തിന്റെയും മനോഭാവത്തിന്റെയും മനോഭാവത്തിലല്ല.

ഇന്ന് കുടുംബങ്ങളിലും ഏകാന്തതയാണ്. ഒരു കൂരയ്ക്കുകീഴിൽ അനേകർ ഒരുമിച്ചു വസിക്കുന്നു എന്നുമാത്രം. ഓരോരുത്തർ അവരവരുടെ സമയത്ത് വരികയും പോവുകയും ചെയ്യുന്നു. ഭക്ഷിക്കുന്നതും ഉറങ്ങുന്നതും അവരവരുടെ സൗകര്യം അനുസരിച്ച് കൂടുമ്പോൾ ഇമ്പമുള്ളതാണ്. കുടുംബം എന്നു ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. പക്ഷെ ആ കാലം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്വന്തം ഭവനത്തെപ്പറ്റി ഒരിക്കൽ ഒരു യുവാവ് ഇപ്രകാരം പറഞ്ഞു. "ചെലവ് ചെയ്യാതെ ഉറങ്ങാനും ഭക്ഷണം കഴിക്കാനുമുള്ള ഒരു സ്ഥലം" അതിൽ കൂടുതൽ ഭവനത്തിലെ അംഗങ്ങൾ തമ്മിൽ ബന്ധമില്ല.

കുടുംബത്തകർച്ചയുടെ കൊടുങ്കാറ്റ് പടിഞ്ഞാറുനിന്നും കിഴക്കോട്ടും ആഞ്ഞടിക്കുന്നു. നമ്മുടെ സമൂഹത്തിലും അതിന്റെ അലയടികൾ എത്തിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക ഉന്നമനത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലിൽ പലപ്പോഴും കുടുംബഭദ്രത കണക്കിലെടുക്കാറില്ല. ഉപഭോഗ സംസ്കാരം നമ്മുടെ കുടുംബബന്ധങ്ങളെയും കീഴാക്കിയിരിക്കയാണ്. ഇന്നത്തെ ഭൂക്ഷിതവലയത്തിൽനിന്നു നാം പുറത്തു കടന്നേ മതിയാകൂ.

കെട്ടുറപ്പുള്ള കുടുംബങ്ങളായിരുന്നു ഒരുകാലത്ത് നമ്മുടെ അഭിമാനം. കുടുംബബന്ധങ്ങളെ വെറും ബന്ധനങ്ങളായി നാം കണക്കാക്കിയിരുന്നില്ല. അവിടെ മുഖംമൂടികളില്ല. അംഗങ്ങളുടെ പ്രശ്നങ്ങളും ഭാരങ്ങളും ഇറക്കിവെയ്ക്കാനുള്ള ഒരു അത്താണിയായിരുന്നു. അന്യോന്യം ഹൃദയം തുറന്നു പങ്കുവെയ്ക്കുമ്പോൾ ഭാരങ്ങൾ ലഘൂകരിക്കപ്പെടും. പരസ്പരമുള്ള ആശ്രയത്തിന്റെയും ആശ്വാസത്തിന്റെയും അന്തരീക്ഷമമാണ് കുടുംബങ്ങൾ. ഭൂമിയിലെ "പറുദീസ" എന്നു ഭവനത്തെ വിശേഷിപ്പിക്കുന്നതിൽ തെറ്റൊന്നുമില്ലായിരുന്നു. നല്ല വ്യക്തികൾ രൂപപ്പെടുന്നത് കുടുംബങ്ങളിൽനിന്നാണ്.

ബഹുനില കെട്ടിടങ്ങളിൽ ഒക്കെ ഉപയോഗിക്കുന്ന 'ലിഫ്റ്റുകൾ' അതിൽ ആളുകൾ തങ്ങിനിൽക്കുന്നു. അവർ തമ്മിൽ യാതൊരു ബന്ധവുമില്ല. അതിൽനിന്നു ഇറങ്ങിപ്പോകുന്നു. അർത്ഥപൂർണ്ണമായ ആശയസംവേദനം വ്യക്തികൾ തമ്മിൽ ഇല്ലാത്തതിന്റെ ഫലമായ വിരസതയും ശൂന്യതാബോധവും ഏകാന്തതയും അനുഭവപ്പെടുകയാണ്. വ്യക്തികളും സമൂഹവുമായിട്ടുള്ള ബന്ധവും കുടുംബങ്ങളിലെ വ്യക്തികൾ തമ്മിലുള്ള ബന്ധവും നഷ്ടപ്പെടുമ്പോൾ മനുഷ്യൻ ഏകാന്തത അനുഭവക്കേണ്ടിവരുന്നു.

യഥാർത്ഥ മതം നമുക്ക് സ്നേഹിതരെ സമ്പാദിച്ചുതരുമെന്നു മാത്രമല്ല, നമുക്കുതന്നെ എങ്ങനെ ഒരു നല്ല സ്നേഹിതനാകാൻ കഴിയുമെന്നും നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവരെ ഏകാന്തത നീക്കുവാൻ നാം ശ്രമിക്കുമ്പോൾ നമ്മുടെ ഏകാന്തത മാറിക്കിട്ടും. സ്നേഹം കൊടുക്കുമ്പോൾ സ്നേഹം നമുക്കു തിരികെ ലഭിക്കാതിരിക്കില്ല. എല്ലാറ്റിലും ഉപരി ദൈവത്തിന്റെ സഖിത്വവും സംസർഗ്ഗവും നമ്മുടെ നിരാശയെ നീക്കി ജീവിതം അർത്ഥപൂർണ്ണമാക്കിത്തീർക്കും.






ക്രിസ്തുമസ് കരോൾ പ്രോഗ്രാം – ആശാഭവൻ

അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ നടന്ന യംഗ് വിമൺസ് ഫെലോഷിപ്പ് സമ്മേളനം












വിജയവഴി പ്രോഗ്രാമിൽ സംബന്ധിച്ചവർ
അഭിവന്ദ്യ യുയാക്കീം മാർ കുറിലോസ് തിരുമേനിയോടൊപ്പം









ഭദ്രാസന സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ബ്ലും ഫെസ്റ്റ്



അടൂർ ഭദ്രാസനത്തിലെ ഏറ്റവും മികച്ച സൺഡേസ്കൂളായ തെരഞ്ഞെടുക്കപ്പെട്ട കായംകുളം സെന്ററിനുള്ള ട്രോഫി അഭി. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പായിൽനിന്നും ഏറ്റുവാങ്ങുന്നു



അടൂർ ഭദ്രാസനത്തിലെ ബസ്കിയാമാസ് സംഗമം







കാഹളം 2018 – ഭദ്രാസന യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ലഹരിവിരുദ്ധ സന്ദേശ യാത്ര





ഭദ്രാസനത്തിലെ ഇടവക ശുശ്രൂഷകരുടെ സംഗമം



ഭദ്രാസന സിംഗിൾ പേരന്റ് മീറ്റിംഗ്



കുമ്പനാട് പ്രൊവിഡൻഷ്യൽ ഗ്രൂപ്പ് ഇടയനോടൊപ്പം


## അടൂർ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നടന്ന ആദ്യകുർബ്ബാന ശുശ്രൂഷ


ഏനാത്ത് മാർത്തോമ്മാ ചർച്ച്


കുറ്റാനം മാർത്തോമ്മാ ചർച്ച്


ചാച്ചിപ്പുന്ന മാർത്തോമ്മാ ചർച്ച്


കുറത്തികാട് ജെറുശലേം മാർത്തോമ്മാ ചർച്ച്


പുനർനിർമ്മാണം നടത്തുന്ന ചാത്തന്നൂപ്പുഴ ഇടവകയുടെ കട്ടിളപ്രതിഷ്ഠാ ശുശ്രൂഷ

ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട തേനീച്ചവളർത്തൽ പരിശീലനം



ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നേന്ത്രവാഴക്കുല വിളവെടുപ്പുത്സവം




ഏനാത്ത് സെന്റർ യുവജനസഖ്യം കൊക്കാത്തോട് മിഷൻഫീൽഡ്

## അഭിനന്ദനങ്ങൾ



2018-ലെ
മെട്രോ ഓഹം യംഗ് കെമിസ്റ്റ്
അവാർഡിന് അർഹനായ
**ദിലു ജോർജ്ജ് മാത്യു**
നെതർലാന്റിലെ യൂണിവേഴ്സിറ്റി
ഓഫ് ട്വന്റെയിൽ
പി.എച്ച്.ഡി. ഗവേഷകൻ
കണ്ണങ്കോട് മാർത്തോമ്മാ
ഇടവകയിൽ
ശ്രീ. ജോർജ്ജ് മാത്യുവിന്റെ
മകൻ

# സോവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്തുമസ് കരോൾ ശതാബ്ദി പ്രോഗ്രാം, സീനിയർ മെമ്പേഴ്സിനെ ആദരിക്കൽ



കണ്ണങ്കോട് സെന്റർ



തേവലക്കര സെന്റർ



തേവലക്കര ഹെബ്രോൺ മാർത്തോമ്മാ ഇടവകയുടെ നവീകരിച്ച പാരീഷ്ഹാൾ പ്രതിഷ്ഠാ ശുശ്രൂഷ



പന്തളം സെന്റർ



ഭദ്രാസന ചുമതലക്കാർ ഗഡ്ഗേശ്വർ മിഷൻ ഫീൽഡ് സന്ദർശിച്ചപ്പോൾ

ഏഴംകുളം ശാലേം മാർത്തോമ്മാ ഇടവക പുതുതായി പണികഴിപ്പിച്ച പാഴ്സനേജിന്റെ കൂദാശ



അഖില ലോക സൺഡേസ്കൂൾ ദിന റാലി




പന്തളം സെന്റർ




കണ്ണങ്കോട് സെന്റർ

# പ്രതിസന്ധിയിൽ പ്രത്യാശ പകരുന്ന വിനിമയം

"ഓർപ്പ അമ്മായിഅമ്മയെ ചുംബിച്ചു പിരിഞ്ഞു; രൂത്തോ അവളോട് പറ്റിനിന്നു." (രൂത്ത് 1:14).

വിശുദ്ധ ഗ്രന്ഥത്തിലെ മനോഹരമായ ഒരു പുസ്തകമാണ് രൂത്ത്. അപ്പത്തിന്റെ വീട് എന്നർത്ഥമുള്ള ബേത്‌ലഹേമിൽ ക്ഷാമം നേരിടുന്നു. ക്ഷാമംമൂലം ബേത്‌ലഹേമിൽ നിന്നും ഏലിമെലേക്കും കുടുംബവും മോവാബിൽ എത്തിച്ചേരുന്നു. എന്നാൽ അവരുടെ ജീവിതം ഏറെ സങ്കീർണ്ണമായിത്തീർന്നു കഷ്ടത അവരെ പിന്തുടർന്നു.

ഏലീമലേക്ക് എന്ന വാക്കിന്റെ അർത്ഥം 'എന്റെ ദൈവം രാജാവാകുന്നു'. നവൊമി എന്ന വാക്കിന്റെ അർത്ഥം 'സന്തുഷ്ടം'. ദൈവം അവർക്ക് രണ്ട് ആൺമക്കളെ നൽകി. മഹ്ലോൻ (രോഗം), കില്യോൺ (പാഴാക്കൽ). സന്തോഷവദിയായ നവൊമിയുടെ ജീവിതത്തിൽ വളരെ അനർത്ഥങ്ങൾ സംഭവിച്ചു. തന്റെ പ്രിയപ്പെട്ടവുടെ വേർപാട് താങ്ങാനാവാത്ത പ്രതിസന്ധിയായി മാറി. എന്നാൽ യഹോവയായ ദൈവത്തിൽ ആശ്രയിച്ച്, അനർത്ഥങ്ങളെ വെല്ലുവിളികളാക്കി. വെല്ലുവിളികളെ സാധ്യതകളാക്കിയ നവൊമി ദൈവകൃപയുടെ തണലിൽ ജീവിച്ചു. പ്രതിസന്ധിയിൽ നവൊമി ദൈവവിശ്വാസം മുറുകെ പിടിച്ചു.

പ്രത്യാശ കൈവിടാതെ വിശ്വാസത്തിൽ ജീവിച്ച നവൊമിക്ക് സഹാനുഭൂതി നിറഞ്ഞ് നിൽക്കുന്ന രൂത്ത് ചേർന്നുനിന്നുകൊണ്ട് തന്റെ അമ്മാവിയമ്മയെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. മോവാബ്യ സ്ത്രീയായ രൂത്ത് നവൊമിയെ ഇത്രയധികം സ്നേഹിക്കാൻ ഇടയായത് നവൊമിയുടെ ദൈവവിശ്വാസത്തിന്റെ ആഴവും ദൈവത്തിലുള്ള പ്രത്യാശയും അനുഭവിച്ചറിഞ്ഞതുകൊണ്ടാണ്. രൂത്തിന്റെ മറുപടിയും തീരുമാനവും നമുക്ക് നൽകുന്ന സന്ദേശം പ്രതിസന്ധിയിലും ദൈവ

**ശ്രീമതി ആനി ഡാനിയേൽ**
**കൊറ്റനല്ലൂർ ശാലേം**



ത്തിന്റെ രക്ഷാപദ്ധതിയിൽ വിശ്വസിക്കാനുള്ള ആഹ്വാനമാണ്. നമ്മുടെ ജീവിതത്തിലൂടെ നാം മറ്റുള്ളവരെ നേടിയെടുക്കണം. മോവാബ്യർ കെമോശ് എന്ന ദേവനെയും ഞസ്തോരത്ത് എന്ന ദേവിയെയും ആരാധിച്ചവർ ആണ്. സംഖ്യ 2:5, 31:16, സങ്കീർത്തനം 106:28 ലും നാം ഇതു വായിക്കുന്നു. ഈ അന്തരീക്ഷത്തിൽ ജീവിച്ച രൂത്ത് യേശുവിന്റെ വംശാവലിയിൽ എത്തിച്ചേർന്നത് പ്രതിസന്ധിയുടെ മദ്ധ്യത്തിലും പ്രത്യാശയോടെ ജീവിച്ച നവൊമിയുടെ വിശ്വാസജീവിതം കൊണ്ടാണ് സംഭവിച്ചത്. രൂത്തിന്റെ കഥ നടക്കുന്നത് ന്യായാധിപന്മാരുടെ കാലഘട്ടമാണ്. അനുസരണക്കേടും, വിഗ്രഹാരാധനയും, അക്രമണങ്ങളും നടമാടിയിരുന്ന കാലഘട്ടമായിരുന്നു അത്. ന്യായാധിപന്മാരുടെ കാലഘട്ടത്തിൽ നിന്നും തികച്ചും വിഭിന്നമായി ദൈവദൃഷ്ടിയിൽനിന്നായി ജീവിച്ചുവന്ന ഒരു സമൂഹത്തെയാണ് രൂത്തിന്റെ പുസ്തകത്തിൽ കാണാൻ കഴിയുന്നത്. പ്രയാസമേറിയ സാഹചര്യത്തിൽ ദൈവകൃപയുടെ മഹത്വം എത്രയെന്ന് കാട്ടിത്തരുന്നു.

കഷ്ടതയുടെയും നിരാശയുടെയും മദ്ധ്യത്തിലും ദൈവത്തെ അനുഗമിച്ചാൽ ദൈവം അവരിൽ വലിയ പ്രവർത്തിക്കും എന്നുള്ളത് നാം ഇതിലൂടെ മനസ്സിലാക്കുന്നു. രൂത്ത് യിസ്രായേലിന്റെ ദൈവത്തെ ഹൃദയത്തിൽ സ്വീകരിച്ചു, അതിന്റെ ഫലമായി ബോവസ് തന്റെ വീണ്ടെടുപ്പുകാരനായിത്തീർന്നു. രൂത്തിന്റെ 2:12-ൽ കാണുന്നതുപോലെ യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻകാഴെ ആശ്രയിച്ചു വന്നിരിക്കുന്ന നിനക്ക് അവൻ പൂർണ്ണ പ്രതിഫലം തരും. നമ്മുടെ യഥാർത്ഥ വീണ്ടെടുപ്പുകാരൻ ആര്?

ഒരു ചിത്രരചനാ മത്സരമാണ് രംഗം. 'പ്രത്യാശ' എന്നതായിരുന്നു വിഷയം. പലരുടെയും ഭാവനകൾ ക്യാൻവാസിൽ പതിഞ്ഞു. കൂട്ടത്തിൽ സമർത്ഥനായ ഒരു ചിത്രകാരൻ വരച്ച ചിത്രം വ്യത്യസ്തമായിരുന്നു.

വലിയ ഒരു സമുദ്രത്തിൽ പാറയിലിടിച്ച് തകർന്ന് മുങ്ങുന്ന ഒരു കപ്പൽ. അതിൽനിന്നും രക്ഷപ്പെട്ട് പാറപ്പുറത്തിരുന്ന് ഒരു സ്ത്രീ വീണ വായിച്ചിട്ട് പാട്ടുപാടുന്നു. അതായിരുന്നു ചിത്രം. Hope in the midist of trouble. പ്രതിസന്ധിയുടെ മദ്ധ്യത്തിലും പ്രത്യാശ. കാഴ്ചക്കാരെയെല്ലാം ആ ചിത്രം വല്ലാതെ ആകർഷിച്ചു. പ്രത്യാശയെക്കുറിച്ച് അടിക്കുറിപ്പോ, വിവരണമോ കൂടാതെതന്നെ മനസ്സിലാക്കാൻ സഹായമായിരുന്നു ആ ചിത്രം. അതിന് സമ്മാനവും ലഭിച്ചു. (യെശ. 43:1-2) "ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു...' പ്രതിസന്ധിയിലും പ്രത്യാശയുടെ നങ്കൂരം മുറുകെ പിടിക്കാം. അങ്ങനെ സ്വർഗ്ഗീയ ഭവനത്തിൽ നമുക്ക് എത്തിച്ചേരാം.

# 118-ാം ഇടവകദിനവും കൺവൻഷനും

**2019 ജനുവരി 17 മുതൽ 20 വരെ**

**ചുനക്കര സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്**

നേതൃത്വം

**അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

# പാരിഷ്ഹാൾ പ്രതിഷ്ഠാ

**തേവലക്കര ഹെബ്രോൻ മാർത്തോമ്മാ ഇടവകയുടെ നവീകരിച്ചു വിപുലീകരിച്ച പാരീഷ്ഹാളിന്റെ പ്രതിഷ്ഠാശുശ്രൂഷ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഡോ. കെ. ഏബ്രഹാം, റവ. തോമസ് ജോൺ, റവ. ഡോ. ജോർജ്ജ് മാത്യു, റവ. കെ. എൻ. ജോൺ, റവ. എബി തോമസ് തരകൻ, റവ. റെജി ജോൺ എന്നിവർ സഹകാർമ്മികരായിരുന്നു.**



# വചനം സംഗീതമായ് പെയ്തിറങ്ങുമ്പോൾ

*"എന്റെ ബലവും*
*എന്റെ സംഗീതവും*
*എന്റെ രക്ഷയും യഹോവയത്രേ."*

*(പുറ.15:2)*

സംഗീതവും ആരാധനയും നമ്മുടെ അനുദിന ജീവിതത്തിന്റെ ഭാഗമാകണം. അനുനിമിഷം അവ നമ്മിലലിയണം. സർവ്വസൃഷ്ടിയുടെയും ദൈവവുമായുള്ള ബന്ധത്തിൽ അത് മാനുഷികതയുടെ അഭിവാജ്യ ഘടകമായിരിക്കുന്നു. സംഗീതം പ്രവാചകകലയാണ് ദൈവം മനുഷ്യന് തന്ന വരദാനത്തിൽ ശ്രേഷ്ഠമാണ്; തകർന്ന ഹൃദയത്തെ അത് ആശ്വസിപ്പിക്കും. ജ്വലിക്കുന്ന മനസ്സിനെ അത് ശമിപ്പിക്കും. ആത്മാവിനെ അത് എല്ലാവിധ ശാന്തിയേകും. മറ്റ് മാധ്യമത്തെക്കാളും അധികം നമ്മെ സ്വാധീനിക്കുവാനും നിയന്ത്രിക്കുവാനും സംഗീതത്തിന് കഴിയും. പരിപാവനമായ ഗാനങ്ങൾക്ക് നമ്മുടെ ആത്മാവിനെ പോഷിപ്പിക്കുവാനും കഴിയും. നാമെല്ലാവരും പാട്ട് പാടുവാൻ ആഗ്രഹിക്കുന്നത് സന്തോഷമുള്ളപ്പോഴാണ് നിങ്ങളിൽ സുഖം അനുഭവിക്കുന്നവർ പാട്ടുപാടട്ടെ. (യാക്കോ. 5:13); എന്നാൽ എപ്പോഴാണ് നമുക്ക് സന്തോഷം ലഭിക്കുക. ഫിലിപ്യർ 4:4 മായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ദൈവപൈതൽ എപ്പോഴും സന്തോഷമുള്ളവനാകണം. (കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ) പൗലോസും ശിലാസും ഉച്ചത്തിൽ പാടിയാരാധിച്ചപ്പോൾ ഭൂമികുലുങ്ങി. കാരാഗ്രഹവാതിലുകൾ തുറന്നു. തടവുകാരുടെ ബന്ധനങ്ങൾ അഴിഞ്ഞു. സംഗീതത്തിന്റെ ഉപജ്ഞാതാവ് ദൈവമാണ്. അവന്റെ മക്കൾ ഒരുമയോടെ ഒരേ സ്വരത്തിൽ പാടിസ്തുതിച്ചപ്പോൾ ദൈവം തന്റെ ആത്മാവിനെ അവരുടെ മദ്ധ്യത്തിലേക്കിറക്കി. "കാഹളക്കാരും സംഗീതക്കാരും ഒത്തൊരുമിച്ച് കാഹളങ്ങളോടും വാദിത്രങ്ങളുടെയും കൂടെ അവൻ നല്ലവനല്ലോ അവന്റെ ദയ എന്നോടുമുള്ളത് എന്ന് ഏകസ്വരമായി കേൾക്കുമാറ് യഹോവയെ വാഴ്ത്തി സ്തുതിച്ചു അവർ ഉച്ചത്തിൽ പാടി; യഹോവയെ സ്തുതിച്ചപ്പോൾ യഹോവയുടെ ആലയമായ മന്ദിരത്തിൽ ഒരു മേഘം നിറഞ്ഞു യഹോവയുടെ തേജസ് ദൈവാലയത്തിൽ നിറഞ്ഞിരുന്നതുകൊണ്ട് പുരോഹിതന്മാർക്ക് മേഘം നിമിത്തം ശുശ്രൂഷചെയ്യുന്നതിനു നിൽക്കുവാൻ കഴിഞ്ഞില്ല.



**ജോസ്തരകൻ റ്റി.കെ.**
**തേവലക്കര**

ഹൃദയം നിറഞ്ഞ കൃപയോടു കൂടെ പാടുക എന്നതാണ് കൊലോസ്യർ 3:16 കാണുന്നത്. (Singing with grace in your heart) പ്രാർത്ഥനകളും അപേക്ഷകളും ദൈവമുൻപാകെ അർപ്പിക്കുന്നതിനായി ഗാനങ്ങൾ നമുക്ക് ഉപയോഗിക്കാം. ദൈവം നമുക്ക് ചെയ്ത നന്മകളും ഉപകാരങ്ങളും ഓർത്തുപാടുവാൻ നമുക്ക് കഴിയണം. നന്ദിനിറഞ്ഞ ഹൃദയത്തോടെ നാം സ്തോത്ര ഗാനങ്ങൾ അർപ്പിക്കണം. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും പരസ്പരം സംസാരിപ്പാനും ഹൃദയത്തിൽ കർത്താവിനുപാടുവാനും കീർത്തനം ചെയ്യുവാനും പൗലോസ് എഫെസ്യയിലെ വിശ്വാസികളെ ബോധിപ്പിക്കുന്നു. സങ്കീർത്തനങ്ങളും കീർത്തനങ്ങളും എന്ന് ഇവിടെ പറയുന്നത്, പരമ്പരാഗതമായ ആരാധന ഗീതങ്ങളെയാണ്. ഹൃദയത്തെ ആശ്വസിപ്പിക്കുന്നതിനും, സ്വയംശോധന ചെയ്യുന്നതിനും ആത്മികശക്തി നേടുന്നതിനും സഹായകമായ ഗാനങ്ങൾ നിരവധി നമുക്കുണ്ട്. അത് നമ്മുടെ ജീവിതയാത്രയെ കൂടുതൽ പ്രശോഭിതവും ഉറപ്പുമുള്ളവരാക്കും. "ജാതികൾ ദൈവത്തെ അവന്റെ കരുണനിമിത്തം മഹത്വീകരിക്കേണ്ടതിന് (റോമർ 15:9-10) അവിശ്വാസികളുടേയും അന്യമതസ്ഥരുടേയും മദ്ധ്യേനാം ദൈവത്തെകുറിച്ച് പാടുകയും അവന്റെ വചനം പങ്കിടുകയും വേണം. അവർ ദൈവത്തിൽ വിശ്വസിക്കുന്നതിനും അവനെ മഹത്വപ്പെടുത്തുന്നതിനും അത് കാരണമാകും. വാക്കുകൾ ക്രൂരമ്പുകളായി അന്യരെ മുറിവേൽപ്പിക്കുന്ന കാലഘട്ടത്തിൽ ക്രിസ്ത്യാനികളായ നമ്മുടെ ശബ്ദം മറ്റൊരുവനു സംഗീതമായി മാറേണം. എല്ലാ സംഗീത ഉപകരണങ്ങളും നമുക്ക് ഉപയോഗിക്കാം. എന്നാൽ ഏറ്റവും പ്രധാന ഉപകരണം നാം തന്നെയാണ്. "സ്വർഗ്ഗീയ ഗാനസംഘത്തിലെ നിശബ്ദമായ കിന്നരമാണ് മനുഷ്യാത്മാവ്. ദൈവസ്നേഹത്തിന്റെ രാഗതാളത്തിൽ മുഴങ്ങുവാൻ അതിൽ ദിവ്യശ്വാസം തട്ടിയാൽ മാത്രം മതി". എന്ന് തോറോ പറഞ്ഞിരിക്കുന്നത് വളരെ യാഥാർത്ഥ്യമാണ്. നമ്മുടെ രക്ഷയ്ക്കായി കാൽവറിക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ വസിക്കുന്ന കർത്താവിനെ മുഴുവൻ സമയം സ്വർഗ്ഗീയ ഗായകസംഘത്തോട് ചേർന്ന് പാടിയാരാധിക്കുവാൻ ഒരുങ്ങുന്ന നമുക്ക് ഈ ഭൂമിയിൽ ക്രിസ്തുവിന്റെ ഗായകരായി അവനെ വാഴ്ത്തിപാടാം. സ്വരചേർച്ചയും താളലയവും നഷ്ടപ്പെട്ട ഈ ലോകത്ത് നമ്മുടെ ജീവിത തന്ത്രികളിലൂടെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും സഹനത്തിന്റെയും ത്യാഗത്തിന്റെയും സമാധാനത്തിന്റെയും രക്ഷയുടെയും ഈണങ്ങൾ നമുക്ക് മീട്ടാം.


## ലോക മാർത്തോമ്മാ വനിതാ സംഗമം

**2019 ഫെബ്രുവരി 9 ശനി, രാവിലെ 10 മണി മുതൽ**

**സ്ഥലം: മാരാമൺ കൺവൻഷൻ നഗർ**

## 124-ാമത് മാരാമൺ കൺവൻഷൻ

**2019 ഫെബ്രുവരി 10 മുതൽ 17 വരെ**

## നോമ്പ് ധ്യാന ഒരുക്കം

**2019 മാർച്ച് 2 ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ**

**അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ വെച്ച്**

### ഭദ്രാസന കൺവൻഷൻ

2019 ജനുവരി 2 മുതൽ 6 വരെ
കൺവൻഷൻ നഗർ അടൂർ

### സീയോൻകുന്ന് കൺവൻഷൻ

2019 ജനുവരി 9 മുതൽ 13 വരെ

### ഇടത്തറ കൺവൻഷൻ

2019 ജനുവരി 17 മുതൽ 20 വരെ

### കല്ലട കൺവൻഷൻ

2019 ജനുവരി 15 മുതൽ 20 വരെ




*ഇടവക ഇടയന്റെ വകയാണ്. ഇടം നൽകുന്നതാണ്. വരൾച്ചയല്ല വളർച്ചയാണ് അനിവാര്യം - തകർത്തുവാനല്ലാ തളിർക്കുവാനുള്ള വേദിയാണ്. ഒറ്റയാൻ ശുശ്രൂഷയല്ല - ഒരുമിച്ചുള്ള പ്രയാണമാണ്. സമൂഹത്തിലെ എല്ലാ തലത്തിലുമുള്ള ആളുകളെയും ഉൾക്കൊണ്ടു അജപാലനത്തിന്റെ അനന്തസാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാൻ ഉതകുന്ന ലേഖന സമാഹരണം. ഭദ്രാസന വാർഷിക പഠന കോൺഫ്രൻസിൽ പഠനവിഷയമായ ലേഖനങ്ങൾ*



# യുവജങ്ങളുടെ ഇടയിലെ അജപാലനം
## ശുശ്രുഷ : പ്രശ്നങ്ങളും സാദ്ധ്യതകളും



റവ. ജോൺ മാത്യു
പോരുവഴി ബഥേൽ

യുവജനങ്ങളുടെ വ്യക്തിത്യ രൂപീകരണത്തിൽ സാമൂഹിക സാംസ്കാരിക ഇടങ്ങൾക്ക് വലിയൊരു പങ്കുണ്ട്. അതുകൊണ്ടാണ് മനുഷ്യൻ സാമൂഹിക നിർമ്മിതമാണെന്ന് പറയുന്നത്. ആയതുകൊണ്ട് അജപാലകർ ശുശ്രുഷയിൽ ഏർപെടുമ്പോൾ അവർജീവിക്കുന്ന സാമൂഹിക സാംസ്കാരിക പരിസരത്തെ പറ്റിയുള്ള ഒരു അവബോധവും അതിനെ ഉൾക്കൊള്ളുവാനുള്ള ഒരു സന്നദ്ധതയും ഉണ്ടാകണം. സാമൂഹിക സാമ്പത്തിക മേഖലയിലുള്ള മാറ്റവും അതുമായി ബന്ധപ്പെട്ടു യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ മനസിലാക്കി അതിനെ അതിജീവിക്കുവാൻ യുവജനങ്ങളെ പര്യാപ്തരാക്കുവാനുള്ള ഉത്തരവാദിത്വം പട്ടക്കാർക്കുണ്ട്. യുവജങ്ങൾ ജീവിക്കുന്നത് ഡിജിറ്റൽ ലോകത്തിലാണ്. എവിടെയെന്തു സംഭവിച്ചാലും നിമിഷങ്ങൾക്കു ള്ളിൽ സോഷ്യൽ മീഡിയായിലൂടെ അറിയുന്നു. അങ്ങനെ അവരുടെ സാമൂഹിക സാംസ്കാരിക മൂല്യങ്ങൾ രൂപപ്പെടുത്തുന്നതിൽ നവമാധ്യമങ്ങൾ വലിയ പങ്കുവഹിക്കുന്നു. ഫേസ്ബുക്ക്, ടിറ്റർ, വാട്ട്സ്ആപ്പ് എന്നിവയെല്ലാം ഭൂരുപക്ഷം വരുന്ന യുവജനങ്ങളും ഉപയോഗിച്ച് വരുന്നു. അവരെല്ലാം പ്രതേക ഗ്രൂപ്പുകളിലൂടെ ആശയവിനിമയം നടത്തുന്നു. എന്നാൽ സൈബർ ഭീകരത അനാരോഗ്യപരമായ ചാറ്റിങ്ങ് അതുമൂലമുണ്ടാകുന്ന ചീറ്റിങ്ങ് അഡിക്ഷൻ ഇവയെല്ലാം യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. പരമ്പരാഗതമായ മൂല്യബോധത്തിൽ നിന്നും മാറി ക്യാപിറ്റലിസ്റ്റ് മൂല്യങ്ങൾ

യുവജങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. മാർക്കറ്റിന്റെ മൂല്യങ്ങൾ അവരുടെ സാമൂഹിക സാംസ്കാരിക ഇടങ്ങളെ സ്വാധീനിക്കുന്നു. ആധുനിക വിദ്യാഭ്യാസവും നവമാദ്ധ്യമങ്ങളു മൊക്കെയാണ് യുവജനങ്ങളുടെ സാമൂഹിക വത്കരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ.

എന്നാൽ സാമൂഹിക പ്രശ്നങ്ങളായ തൊഴിലില്ലായ്മ, പട്ടിണി, സാമൂഹിക അനീതികൾ, അസമത്വം, സ്വകാര്യവൽക്കരണം ഇവയ്ക്കെതിരെ പൊതുസമൂഹത്തിൽ ശബ്ദിക്കുന്നതിൽ നമ്മുടെ യുവജങ്ങൾ പുറകിലാണ്. ഒരു വിഭാഗം യുവജങ്ങൾ പഠനത്തിനും, തൊഴിലിനുമായി പോകുന്നത്കൊണ്ട് ഇടവക പ്രവർത്തനങ്ങളിലും ആരാധനകളിലും സജീവമായി പങ്കുകൊള്ളുവാൻ സാധിക്കാതെ പോകുന്നു. അതൊടൊപ്പം മാതാപിതാക്കളുടെ മരണം, കുടുംബാംഗങ്ങളുടെ മദ്യപാനം സാമ്പത്തിക ബുദ്ധമുട്ട്, തൊഴിലില്ലായ്മ, പഠനത്തിലെ പരാജയം ഇവമൂലം ബുദ്ധിമുട്ടുന്ന വളരെ ചെറിയൊരു വിഭാഗം യുവജങ്ങളും നമ്മുടെ ഇടയിലുണ്ട്. കാലത്തിന്റെ സമ്മർദ്ദങ്ങളെ അതിജീവിക്കുവാൻ പലരും ന്യൂ ജനറേഷൻ സ്പിരിചൽ ലീഡേഴ്സിനെ ആശ്രയിക്കാറുണ്ട്.

**എങ്ങനെ അർഥവത്തായ യുവജന അജപാലനം നിർവഹിക്കാം?**

**1. ബോധവൽക്കരണത്തിന്റെ മാതൃക (Consciousness Building Model)**

യേശുക്രിസ്തുവിന്റെ ബോധവൽക്കരണം ലളിതവും, കാലികവും, ചരിത്ര ബോധത്തോടു കൂടിയതും വിമോചനാത്മകവുമായിരുന്നു. നമ്മുടെ സഭയിലെ യുവജങ്ങളിൽ പലർക്കും സയുടെ ചരിത്രത്തെക്കുറിച്ചും മാർത്തോമാ സഭ എന്തിനുവേണ്ടിയാണ് നിലകൊള്ളുന്നത് എന്നതിനെപ്പറ്റിയും കൃത്യമായ അറിവില്ല. ആയതുകൊണ്ട് സഭയുടെ ആരാധന പാരമ്പര്യ ങ്ങളെപ്പറ്റിയും, വിശ്വാസാചാരങ്ങളെപറ്റിയും, ചരിത്രത്തെപ്പറ്റിയും കൃത്യമായ അവബോധം കൊടുക്കണം. ഇവിടെ യേശുക്രിസ്തുവിന്റെ മാതൃക അജപാലനരംഗത്തു സ്വീകരിക്കേണ്ട താണ്.

**2. കേന്ദ്രത്തിൽ നിന്നും ഓരങ്ങളിലേക്കുള്ള മാതൃക (Centre to the periphery)**

ഇടവകയോട് ചേർന്ന് നിൽക്കാത്ത, പഠനത്തിന്റേയും ജോലിയുടേയും തിരക്കിനിടയിൽ ആരാധനയിലും ഇടവക പ്രവർത്തനങ്ങളിലും സംബന്ധിക്കാത്ത യുവജനങ്ങളുടെ അടുക്കലേയ്ക്ക് അജപാലകരയ നമുക്ക് പോകുവാൻ സാധിക്കണം. യുവജനങ്ങളുടെ ഇടയിലെ അജപാല ശുശ്രൂഷ അടഞ്ഞ മുറിക്കുള്ളിലെ ശുശ്രൂഷയല്ല മറിച്ചു അവർ നിരന്തരം സംവാദിക്കുന്ന സാമൂഹിക ഇടങ്ങളായ ജോലി സ്ഥലം, പഠന സ്ഥലം, എന്നിവയൊക്കെ സന്ദർശിക്കുകയും ഉവരുമായി നിരന്തരം സംവദിക്കുകയും വേണം. ഇത് വൈദികൽ ഒറ്റക്ക് ചെയ്യുന്നതിലേക്കാൾ ഉപരി ടീം ആയി ചെയ്യാവുന്നതാണ്. യേശു പന്ത്രണ്ട് ശിഷ്യാമോരോടു കൂടെ നടന്നു ചെയ്ത ശുശ്രൂഷയുടെ മാതൃക( ലൂക്കോസ് 8: 21)

**3. സഖിത്വത്തിന്റേയും സംവദത്തിന്റേയും മാതൃക (Friendship and Dialogue Model)**

നമ്മുടെ യുവജനങ്ങൾ സ്നേഹത്തിനും അംഗീകീരത്തിനുമായി ആഗ്രഹിക്കുന്നു. അവരുടെ പ്രധാനപ്പെട്ട പരാതി മറ്റൊന്നുമല്ല മുതിർന്നവർ ഞങ്ങളെ അംഗീകരിക്കുന്നില്ല അവർ ഞങ്ങളുടെ വാക്കുകൾ കേൾക്കുന്നില്ല. ഞങ്ങളിൽ വിശ്വാസമില്ല. ഇവിടെ ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകൾ ശ്രദ്ധേയമാണ്. പ്രിയ യുവജനങ്ങളെ, നിങ്ങളടെ ശബ്ദവും, സംവേദനക്ഷമതയും വിശ്വാസവും മാത്രമല്ല നിങ്ങളുടെ സംശയങ്ങളും വിമർശനങ്ങളും ശ്രദ്ധാപൂർവ്വം ശ്രവിക്കുവാൻ സഭ ആഗ്രഹിക്കുന്നു. എല്ലാവരും കേൾക്കുന്നവിധത്തിൽ നിങ്ങളുടെ ശബ്ദം ഉയരട്ടെ , അത് സമൂഹത്തിന്റെ മുഴുവൻ പ്രതിധ്വനിയാകട്ടെ. നിങ്ങളുടെ അദ്ധ്യാത്മിക ഇടയന്മാരും അത് കേൾക്കട്ടെ.

വൈദികരിൽ നിന്നും യുവജനങ്ങൾ പ്രതീക്ഷിക്കുന്നത് സ്നേഹത്തിന്റേയും പ്രോത്സാഹനത്തിന്റേയും വാക്കുകളാണ്. അതുകൊണ്ട് യുവജനങ്ങളുമായുള്ള അജപാല ശുശ്രൂഷയിൽ അവരെ തങ്ങളുടെ അജപാല അധികാരപരിധിയിലുള്ള വസ്തു (Object) എന്നതിനേക്കാൾ ഉപരി അവരുടെ വ്യക്തിത്വത്തെ അംഗീകരിച്ചുകൊണ്ട് അനവരുടെ അഭിപ്രായത്തിന് വില കൽപ്പിച്ചുകൊണ്ടുള്ള സ്നേഹപൂർവ്വമായുള്ള സംവാദ സമീപനമായിരിക്കണം അജപാല ശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ടത്. അജപാലക രുടെ സമയത്തേക്കാൾ ഉപരി യുവജനങ്ങളുടെ സൗകര്യപ്രതമായ സമയം നോക്കി സഖ്യം മീറ്റിങ്ങുകളും കൂട്ടായ്മകതളും കൂടുവാൻ സാധിക്കണം. പല യുവജനങ്ങൾക്കും ശനി, ഞായർ സന്ധ്യകളിൽ കൂടുന്നതിനോടാണ് താലപര്യം.

**4. ജനാധിപത്യ പങ്കാളിത്ത മാതൃക (Egalitarian Democratic Participatory Model)**

യുക്തി പരമായി ചിന്തിക്കുന്ന കാലഘട്ടമാണ് യൗവ്വനം. അതുകൊണ്ട് സഭയുടെ പ്രബോധനങ്ങൾ അപ്പാടെ അനുസരിക്കണമെന്ന് നിർബന്ധമില്ല. അവരെ ഭവനത്തിലും ഇടവകയിലും ദാസന്മാരായി പരിഗണിച്ചാൽ അവർ അസ്വസ്ഥരാകും. അതുകൊണ്ട്അജപാലന ശുശ്രൂഷയിൽ യുവജനങ്ങളെ തുല്യരായി പരിഗണിക്കണം. അവരുടെ അഭിപ്രയങ്ങളെ മുതിർന്നവർ

വിലമതിക്കണം. അവർക്ക് അർഹിക്കുന്ന അംഗീകാരം കൊടുക്കണം. അതുകൊണ്ട് അജപാലന മേഖലയിൽ ജനാധിപത്യവും, തുല്യതയും തുറവിയും പരസ്പര ബഹുമാനവും, പരസ്പര ധാരണയും പുലർത്തണം.

**5. ഉൾക്കൊള്ളലിന്റെ മാതൃക ( Inclusive Model)**

നമ്മുടെ യുവജനങ്ങൾക്ക് അവരുടെ സന്തോഷത്തിലും സന്താപത്തിലും വിജയത്തിലും പരാജയത്തിലും അവരോട് ചേർന്ന് പ്രവർത്തിക്കുവാൻ അവരെ കേൾക്കുവാൻ വൈദികർക്ക് സാധിക്കണം. അവർക്ക് സ്നേഹവും വാത്സല്യവും, സഖിത്വവും കൊടുക്കുവാൻ സാധിക്കണം. എമ്മാവോസിലേക്ക് പോയ ശിഷ്യ സമൂഹത്തോടുള്ള സമീപനം യുവജനങ്ങളുടെ ഇടയിലെ അജപാലന ശുശ്രൂഷയിൽ മാതൃകയാക്കാവുന്നതാണ്.

അജപാലന ശുശ്രൂഷ തികച്ചും കാര്യക്ഷമമവും ഫലകാരവുമായി തീരണമെങ്കിൽ പരമ്പരാഗത രീതിയിൽ നിന്നും വ്യതിചലിച്ച് യുവജനങ്ങളുടെ കാലികമായ പ്രശ്നങ്ങളെ ഉൾക്കൊണ്ട് ശുശ്രൂഷ നിർവ്വഹിക്കുവാൻ അജപാലകർക്ക് സാധിക്കണം.





റവ. സജു ശാമുവേൽ സി.
കൂടൽ ബഥേൽ

സമൂഹത്തിന്റെ അടിസ്ഥാന വ്യവസ്ഥ (Basic Organization) എന്ന നിലയിൽ കുടുംബം ഒരു ആവശ്യവും, ദൈവത്താൽ സ്ഥാപിതം എന്ന നിലയിൽ കുടുംബം ഒരു അനുഗ്രഹവുമാണ്. ഇടവകതലങ്ങളിൽ കുടുംബങ്ങളുടെ ആത്മീക പരിപോഷണവും, ഊഷ്മളതയും, കെട്ടുറപ്പും നിലനിർത്തുവാൻ വളരെയേറെ കർമ്മപദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. ഏതൊരു ഇടവകയിലെയും 20% മുതൽ 25% വരെ അംഗങ്ങൾ ഉൾപ്പെടുന്ന വിഭാഗമാണ് 45 വയസ്സിൽ താഴെ പ്രായമുള്ള യുവകുടുംബങ്ങൾ (Young Families). കുടുംബജീവിത വ്യവസ്ഥിതിയുടെ നിലനിൽപ്പിന് യുവകുടുംബങ്ങളുടെ ഭദ്രത അനിവാര്യമാണ്. എന്നാൽ ഡിവോഴ്സ് (Divorse) വർദ്ധിച്ച് യുവകുടുംബങ്ങൾ താറുമാറാകുന്ന കാഴ്ച വിരളമല്ല. യുവകുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് തിരുത്തുവാനുള്ള പ്രായോഗിക സമീപനങ്ങളിലേക്ക് കടക്കുവാൻ താമസിച്ചുകൂടാ.

**ചി**ലർ സൺഡേ സ്കൂൾ അദ്ധ്യാപകരായും, ഗായകസംഘ അംഗങ്ങളായും അപൂർവ്വം ചിലർ യുവജനസഖ്യത്തിലും പ്രവർത്തിക്കുന്നത് ഒഴിച്ചാൽ യുവകുടുംബങ്ങളുടെ ഇടവക പ്രവർത്തനങ്ങൾ താരതമ്യേന കുറവാണ്. സിറ്റി ഇടവകകളിൽ യുവകുടുംബങ്ങൾ കൂടുതൽ സജ്ജീവമാണ് എന്നിരുന്നാലും നമ്മുടെ ഭദ്രാസന ഇടവകകളിൽ അതല്ല സ്ഥിതി. സമയക്കുറവും ജോലിത്തിരക്കും താൽപര്യക്കുറവും മാത്രമല്ല, സമപ്രായക്കാരോടൊപ്പം പ്രവർത്തിക്കുവാനുള്ള വേദിക്കുറവും ഇതിന് കാരണമാണ്. ഈ സാഹചര്യത്തിലാണ് യുവകുടുംബങ്ങളുടെ സംഗമവേദികളുടെ പ്രസക്തി ഒരു ഔദ്യോഗിക സംഘടന എന്നതിനേക്കാൾ അനൗദ്യോഗിക കൂടിവരവുകളായിരിക്കും ഏറെ പ്രായോഗികം. യുവകുടുംബങ്ങൾക്ക് ഒത്തുചേരുവാനും, പ്രവർത്തിക്കുവാനും, പരസ്പരം പരിപോഷിപ്പിക്കുവാനും, പഠിക്കുവാനും, ധ്യാനിക്കുവാനും, പ്രാർത്ഥിക്കുവാനും, വിനോദങ്ങളിൽ ഏർപ്പെടുവാനും ഇത്തരം യുവകൂടിവരവ് സഹായകരമായിരിക്കും.

യുവകുടുംബങ്ങൾക്കായുള്ള ബൈബിൾ പഠനങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ, വിനോദയാത്രകൾ, വിവാഹാനന്തര കൗൺസിലിംഗുകൾ, കോൺഫറൻസുകൾ, ഗെയിമുകൾ, വീട് സന്ദർശനങ്ങൾ, ആരാധനകൾക്കും മറ്റും നേതൃത്വം നൽകുവാനുള്ള അവസരങ്ങൾ, മുതിർന്നവരിൽനിന്നും സമപ്രായക്കാരിൽനിന്നും അനുഭവങ്ങൾ കേൾക്കുവാനുള്ള അവസരങ്ങൾ, ഒരുമിച്ചിരുന്ന് ഗുണപാഠങ്ങളുള്ള ചലച്ചിത്രം കാണുവാനുള്ള സാഹചര്യങ്ങൾ ഒക്കെ ഈ കൂടിവരവുകളെ അർത്ഥമുള്ളതാക്കി തീർക്കും. എന്നാൽ ഈ സൗഹൃദകൂട്ടായ്മയുടെ ശാക്തീകരണം ഇവയായിരിക്കണം.

a) Enirich life together (ഒരുമിച്ചുള്ള ജീവിതത്തിന്റെ പരിപോഷണം)
b) Encourage to build christian families (ക്രിസ്തീയ കുടുംബങ്ങളാകാനുള്ള പ്രേരണ)
a) Equip to face crisis (പ്രതിസന്ധികളെ നേരിടുവാൻ സജ്ജമാക്കുക)
d) Enhance time to relax and enjoy (ഉല്ലാസത്തിനും സന്തോഷത്തിനും സമയം കൂടുതൽ ലഭ്യമാക്കുക.

# അജപാലനം



# മദ്ധ്യവയസ്കരുടെ മദ്ധ്യത്തിൽ

**വേ**ദപുസ്തക ചരിത്രത്തിലേക്ക് പ്രവേശിക്കുമ്പോൾ 75 വയസ്സുള്ള അബ്രഹാമിനേയും അതിനോടടുത്തു പ്രായമുള്ള സാറയേയും കാണിപ്പാനിരിക്കുന്ന കർമ്മഭൂമിയിലേക്ക് ദൈവം അയയ്ക്കുന്നതായി കാണാം. വേദപുസ്ത പിതാക്കന്മാരിൽ ഭൂരിപക്ഷവും വയോധികരായിരുന്നു. യോവേൽ പ്രവാചകന്റെ ഭാഷയിൽ പറഞ്ഞാൽ തങ്ങളുടെ പ്രാർത്ഥനമേഖലകളിൽ സ്വപ്നം വിളയിച്ചവർ. ഉറക്കത്തിൽ കണ്ട സ്വപ്നമല്ല, ഉറങ്ങാൻ അനുവദിക്കാത്ത സ്വപ്നം. വാഗ്ദത്തനാട് സ്വപ്നം കണ്ട മോശ-യിസ്രായേൽ ചരിത്രത്തിലും ലോക ചരിത്രത്തിലും മോശയെപ്പോലെ ശ്രദ്ധേയനായ ഒരു നേതാവിനെ കാണാൻ കഴിയുകയില്ല. വാർദ്ധക്യത്തിന്റെ കൊടുമുടിയിൽ എത്തിയ ശിമ്യോനും, രക്ഷകന്റെ ആഗമനം സ്വപ്നം കണ്ട ഹന്നായുടെ ജീവിതവും പുതിയ നിയമത്തിന്റെ ദൃഷ്ടാന്തങ്ങൾ.

നമ്മുടെ സഭാപിതാക്കന്മാർ വാർദ്ധക്യത്തിൽ നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. 101-ാം വയസ്സിൽ തന്റെ ജീവിതദർശനം കൊണ്ടും പ്രഭാഷണങ്ങൾ കൊണ്ടും നമ്മെ പ്രചോദിപ്പിക്കുന്ന അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ.



റവ. സി. ജോസഫ്
പന്തളം എം.റ്റി.സി.

**വയോജനങ്ങളുടെ മദ്ധ്യത്തിലെ വിവിധ ശുശ്രൂഷകൾ**

പതിറ്റാണ്ടുകളായി സഭ ഈ ശുശ്രൂഷ മുഖ്യമായി വയോജനമന്ദിരങ്ങളിലൂടെയാണ് നിറവേറ്റിയതെങ്കിൽ ഇന്നും പകൽ വീടുകളിലൂടെയും നിരന്തരമായി സന്ദർശനങ്ങളിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ഇന്ന് നിറവേറ്റുന്നു. ഇന്ന് കൂടുതൽ സൗകര്യങ്ങളോടുകൂടി മന്ദിരങ്ങൾ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ നൽകുന്നു. വാർദ്ധക്യത്തിന്റെ പ്രശ്നങ്ങളും, രോഗങ്ങളും സാമൂഹ്യസാഹചര്യങ്ങളും മാറുന്നതിനനുസരിച്ച് Care giving ministry യുടെ അവതരണത്തിലും മാറ്റങ്ങൾ സംഭവിക്കുന്നു. എല്ലാ ഇടവകകൾക്കും അനുകരിക്കാവുന്ന ഒരു മോഡൽ ആണ് നമ്മുടെ Diocese-ന്റെ പെയിൻ & പാലിയേറ്റീവ് മിഷൻ. ഒരു പ്രദേശത്തെ ആളുകളുടെ പ്രത്യേക സാഹചര്യം മനസ്സിലാക്കി. ചിട്ടയായ സന്ദർശനങ്ങളിലൂടെയും ഇടപെടലുകളിലൂടെയും ഗ്രൂപ്പുകളായി ക്രമീകരിക്കുന്ന നിരവധി ഇടവകകൾ ഈ ശുശ്രൂഷ പാലകരായി നിർവ്വഹിക്കുന്നു. കൂടുതൽ ഇടവകകളിലേക്കും ഇത് വ്യാപിപ്പിക്കേണ്ടതാണ്.

എറണാകുളം എളംകുളം ഇടവക കഴിഞ്ഞ 10 വർഷങ്ങളായി ക്രമീകൃതമായ സന്ദർശനങ്ങളിലൂടെയും കൗൺസിലിംഗ് & മെഡിക്കൽ സപ്പോർട്ടുകളിടൂടെയും എല്ലാമാസവും 7 ഗ്രൂപ്പുകളിലായി 300 വീടുകൾ സന്ദർശിച്ച് വളരെ ഫലപ്രദമായ ശുശ്രൂഷകൾ നിറവേറ്റുന്നു.

അമേരിക്കൻ സൈക്കോളജിക്കൽ അസോസ്സിയേഷൻ നടത്തിയ ഒരു പഠനത്തിൽ ചെറിയ തോതിൽ മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന വയോധികർ തങ്ങളുടെ സമയം എഡ്യൂക്കേഷണൽ ഇന്ററാക്ഷനിലൂടെ കുട്ടികൾക്കായി വിനിയോഗിക്കുമ്പോൾ അവരുടെ പ്രശ്നങ്ങൾ 30% മുതൽ 40% വരെ വ്യത്യാസം വന്നതായി മനസ്സിലാക്കുന്നു. പരസ്പരം കരുതുന്നതിലൂടെ ഈ ശുശ്രൂഷ കൂടുതൽ ബലപ്പെടുത്താം. സൈക്കോതെറാപ്പിയിലൂടെയും യോഗ മുതലായ ഹസ്യം അതിലൂടെ ശരീരത്തിനും മനസ്സിനും ഉന്മേഷം ലഭി

ക്കുവാൻ ഇടയാകുന്നു. നല്ല സംഗീതത്തിലൂടെ വയോധികരുടെ വിരസത അകറ്റാം. അതിലുപരി പ്രാർത്ഥനയിലൂടെ വാർദ്ധക്യത്തിന്റെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുമെന്നതും നമ്മുടെ പ്രായോഗിക അനുഭവമാണ്.

നിത്യതയെക്കുറിച്ചുള്ള ദർശനത്തിൽ ജീവിക്കുന്നവർക്ക് വാർദ്ധക്യം വിശേഷകാലമായി കാണാം. നമ്മളാലും മറ്റുള്ളവരുടെ സഹകരണത്താലും ചെയ്യാവുന്ന നന്മകൾ നമ്മുടെ ചുറ്റിലും കാണാൻ കഴിയുമെന്ന് ഓർക്കുക. ഒരുപക്ഷെ, നാം നിസ്സാരമായും ലളിതമായും വിലമതിക്കാത്ത കാര്യങ്ങൾ അതിന്റെ ഗുണഭോക്താക്കൾക്ക് വളരെ വിലപ്പെട്ടതാകാം.

വാർദ്ധക്യമല്ല പ്രശ്നം. വാർദ്ധക്യത്തോടുള്ള സമീപനമാണ്. ജീവിതത്തിന്റെ സ്വാഭാവിക പരിണാമമായി വാർദ്ധക്യത്തെ സ്വീകരിക്കുന്നതിനും അത് പടിയിറങ്ങുന്നതിനുള്ള കാലഘട്ടമല്ല. കൂടുതൽ ഉയരങ്ങളിലേക്ക് യാത്ര ചെയ്യുന്നതിനും കാലേബിനെപ്പോലെ പുതിയ ഉയരങ്ങൾ കീഴടക്കുന്നതിനും അവസരമാണ്. ജീവിതത്തിൽ പലതിനും അടിമപ്പെട്ട് നിരാശാപൂർണ്ണമായ നാളുകളിലേക്ക് നീങ്ങുവാനല്ല, പ്രലോഭനങ്ങളേയും പ്രതിസന്ധികളേയും അതിജീവിച്ച് ഇച്ഛാശക്തിയോടെ ജീവിക്കുന്നതിനുള്ള കാലമാണ്. The fifth mountain എന്ന നോവലിൽ പൗലോ കൊയ്ലോയുടെ വാക്കുകൾ ശ്രദ്ധേയമാണ്. അസ്സീറിയൻ സൈന്യത്തിന്റെ ആക്രമണം മൂലം യുവജനങ്ങളെ പിടിച്ചുകൊണ്ടുപോവുകയും തകർന്നുപോയ സാറാഫാത്തിലെ വൃദ്ധജനങ്ങളെ ധൈര്യപ്പെടുത്തുന്ന പ്രവാചകൻ അവർ സ്വപ്നങ്ങൾ നൽകി അവരെ പണിതെടുക്കുന്നു. സ്വപ്നങ്ങൾ നഷ്ടപ്പെട്ടാൽ യൗവ്വനക്കാർ പോലും വൃദ്ധന്മാരായിപ്പോകും. മറ്റുള്ളവർക്ക് സ്വപ്നങ്ങൾ നൽകി അവരെ ശക്തീകരിക്കാം.






റവ. കെ.സി. ഏബ്രഹാം
കുറത്തികാട് സെന്റ് തോമസ്

ഒരു കയ്യിൽ ധൂപവും, മറുകയ്യിൽ കാഹളവും ഉള്ളവനാണ് പുരോഹിതൻ. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ദൈവവരപ്രസാദത്തെ പ്രദാനം ചെയ്ത് ദൈവോന്മുഖയാത്രയിൽ മനുഷ്യൻ സഹായിയാകുക പുരോഹിതധർമ്മമാണ്. കൂദാശകളുടെ അനുഷ്ഠാനത്തിനും വചനത്തിന്റെ പ്രഘോഷണത്തിനുമായി പട്ടം കെട്ടപ്പെടുന്ന വൈദികൻ സഭയിലുള്ള ദൈവിക നിയോഗം നിറവേറ്റുമ്പോൾ പ്രത്യേകം ശ്രദ്ധിക്കാവുന്നതും ശ്രദ്ധിക്കേണ്ടതുമായ ഒരു മേഖലയാണ് Middle Adulthood-ന്റെ ഇടയിലെ ഇടയശുശ്രൂഷ. ഓരോ ഇടവകയിലും ഉദ്ദേശം 33% അംഗങ്ങൾ 45 നും 65 നും ഇടയിൽ പ്രായമുള്ളവർ ആണെന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. കാൾ ജംഗ് എന്ന ചിന്തകൻ പറയുന്നത്: "The most important and significant charactor of middle age is that, it is a dreaded age, a time of transition and of stress, a time of achievement and of evaluation, and the time of emptyness and boredom" എന്നാണ്.

**ഈ കാലഘട്ടത്തിന്റെ പ്രത്യേകതകൾ**

**1. ഏറ്റം അധികം സമ്മർദ്ദം (Stress) ഉളവാകുന്ന കാലഘട്ടം.**

- സ്ഥിരം വരുമാനമാർഗ്ഗം, ജോലി, ഇല്ല എങ്കിൽ അത് സംബന്ധിച്ച് ഉത്തരവാദിത്തങ്ങൾ കൂടുന്നു.
- ഉദ്യോഗസ്ഥർക്ക് അവരുടെ ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച്, കീഴ് ഉദ്യോഗസ്ഥരിൽ നിന്നുള്ള പരിഭവങ്ങൾ, മേലുദ്യോഗസ്ഥരിൽ നിന്നുള്ള അമർഷം, ശാസന മുതലായവ.
- കുടുംബകാര്യങ്ങൾ എങ്ങനെ നിർവ്വഹിക്കും എന്ന തത്രപ്പാടിന്റെ കാലം.
- വിരമിക്കുന്നതിനോടനുബന്ധിച്ചുള്ള മാനസിക സംഘർഷം. വീട്, ബാങ്ക് ബാലൻസ്, ഭാവി, മക്കൾ, മാതാപിതാക്കൾ....
- അവരവരെപ്പറ്റിയുള്ള ആത്മവിശ്വാസം നഷ്ടപ്പെ

ടുന്നു. (പണ്ട് ഓടിയതുപോലെ ഓടാനാവുന്നില്ല, ശാരീരിക ബുദ്ധിമുട്ടുകൾ).

- കൊച്ചുകൊച്ചു കാര്യങ്ങൾ മനസ്സിനെ ബാധിക്കുമ്പോൾ കോൺഫിഡൻസ് ഇല്ലാതെപോകുന്നു.
- Emptyness syndrem (ശൂന്യതാബോധം)
  മക്കൾ വീട് വിട്ട് ദൂരെ പഠിക്കുവാൻ/ഉദ്യോഗത്തിന് പോകുന്നു.
  മക്കൾ വിവാഹിതരാകുന്നു. വീട് കിളികളില്ലാത്ത കൂടുപോലെ..
- മക്കളുടെ ജീവിതശൈലി സംബന്ധിച്ചുള്ള ചിന്തകൾ.
- തലമുറകളുടെ വിടവ് (Generation Gap) പുത്തൻതലമുറയുടെ ജീവിതശൈലി, പ്രവർത്തനശൈലി ആദിയായവ അംഗീകരിക്കുവാനുള്ള വൈമുഖ്യം.

**2) വൈകാരിക വ്യതിയാനങ്ങളുടെ കാലഘട്ടം**

- മറ്റുള്ളവർ എന്നെക്കുറിച്ച് എന്തുപറയും? ജീവിതപങ്കാളിയെ സംതൃപ്തമാക്കുവാൻ സാധിക്കുന്നുണ്ടോ?
- മറ്റുള്ളവരെപ്പോലെയോ, അവരെക്കാളുപരിയോ ഉയരുവാൻ സാധിക്കുന്നുണ്ടോ? Inferiority, Superiority Complex.
- ജീവിതശൈലി രോഗങ്ങൾ, ഡയബറ്റീസ്, ബ്ലഡ്പ്രഷർ മുതലായവ.

**3) ജീവിതനേട്ടങ്ങളുടെ, സംതൃപ്തിയുടെ കാലഘട്ടം**

ഏറ്റം അധികം ഉയർച്ചയിലേക്കു വരുവാനുള്ള കാലഘട്ടമാണ്. ജീവിതത്തിൽ നേടിയ, വെട്ടിപ്പിടിച്ച നേട്ടങ്ങളിൽ അഭിമാനിക്കാവുന്ന കാലഘട്ടമാണിത്. മക്കളുടെ ഉയർച്ചയിൽ, സാമൂഹ്യബന്ധങ്ങളിൽ, സാമൂഹ്യപ്രവർത്തനങ്ങളിൽ സായൂജ്യം അടയാവുന്ന കാലഘട്ടമാണിത്.

**4) വഴിത്തിരിവിന്റെ കാലഘട്ടം**

യുവത്വത്തിന്റെ തിളപ്പ് മാറി ജീവിതസമ്മർദ്ദങ്ങൾ നേരിടുവാൻ ദൈവം/ഈശ്വരൻ വേണം എന്ന ചിന്ത ഏത് മതത്തിലും ഉള്ളവർക്ക് ഉണ്ടാവുന്ന കാലഘട്ടമാണിത്.

ചിലപ്പോൾ ഏകാന്തത, ആശയറ്റ അനുഭവം ഉണ്ടാകുമ്പോൾ, ആത്മീയതയിലൂടെ പ്രശ്നപരിഹാരം ലഭ്യമാണ് എന്ന് ചിന്തിക്കുന്നവർക്ക്, ദൈവാശ്രയവും വിശ്വാസവും ഉറപ്പിക്കുവാൻ സാധിക്കുന്ന കാലഘട്ടമാണിത്.

**ഇവിടെ ഒരു പട്ടക്കാരന് എന്തു ചെയ്യാം**

ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥൻ, ഞാൻ പള്ളിയിൽ വരുന്നതുകൊണ്ട് എന്ത് പ്രയോജനം എന്ന് ചോദിച്ചു. ഒരുപക്ഷെ അയാളുടെ ഔദ്യോഗിക ജീവിതം സംശുദ്ധമല്ലായിരിക്കാം, അഴിമതി നിറഞ്ഞതാകാം,, തിരിച്ചുമാകാം.

**(1) ഇവരെ സഹയാത്രികരാക്കുക (Make them as companion)**

- അയാളെ ഉൾക്കൊള്ളാവുന്ന ഇടങ്ങളിൽ ഉൾക്കൊള്ളുവാൻ ഇടം (Space) കണ്ടെത്തുക.
- ബോധവൽക്കരണം നടത്തുക.
- പ്രശ്നങ്ങളിൽ അവരോടൊപ്പം ഉണ്ടെന്ന് ബോധ്യം വരത്തക്കവിധം available ആകാം.
- അദ്ദേഹത്തെ engage ചെയ്യിച്ചുകൊണ്ടിരിക്കും.
- നിലപാടുകൾ എടുക്കുവാൻ സഹായിക്കാം.

**(2) They can be backbone of the Parish, Church**

ഇടവകയുടെ ഉത്തരവാദിത്വങ്ങളിലേക്ക് പടിപടിയായി പ്രവേശിക്കാം. വിട്ടുനിന്നവർ നട്ടെല്ലുകളായി മാറിയിട്ടുണ്ട്.

**(3) Target Based Mission participation**

പ്രാർത്ഥനാകൂട്ടങ്ങളുടെ നേതൃത്വം, ഉത്തരവാദിത്വം, ചെറുകിട കാർഷിക കൂട്ടായ്മയുടെ നേതൃത്വം. ചെറുകിട കച്ചവട കൂട്ടായ്മയുടെ നേതൃത്വം, വികസനസംഘങ്ങളുടെ നടത്തിപ്പ്.

**D) Preparation Classes**

പ്രീമാരിറ്റൽ ക്ലാസുകൾപോലെ, പ്രീ റിട്ടയർമെന്റ് പ്രിപ്പറേഷൻ ക്ലാസ്സുകളിലടെ ഈ കൂട്ടരെ ക്രിയാത്മക സമൂഹമാക്കുവാൻ സഭയ്ക്കു കഴിയും.

അപ്പോൾ അവർ കാലേബിനെപ്പോലെ പറയും: "പട വെട്ടുവാനും, പോകയും വരികയും ചെയ്യുവാനും എന്റെ ആരോഗ്യം അന്നത്തെപ്പോലെ തന്നെ ഇന്നും ഇരിക്കുന്നു." യോശുവ. 14:11

മുപ്പത്തിയെട്ട് വർഷം സ്വപ്നങ്ങൾ നഷ്ടപ്പെട്ട് ബെഥേസ്ദാകുളക്കരയിൽ കിടന്നവന് സ്വപ്നവും ദർശനവും ജീവിതവും കർത്താവ് കൊടുത്തതുപോലെ നമുക്കും സ്വപ്നവും ദർശനവും ജീവിതവും ഈ കൂട്ടർക്ക് നൽകുവാൻ സാധിക്കും.


# അനുഗ്രഹ ഡി–അഡിക്ഷൻ ക്യാമ്പ്

**2019 ജനുവരി 13 മുതൽ 22 വരെ**

**ഫെബ്രുവരി 24 മുതൽ മാർച്ച് 5 വരെ**

**മാർച്ച് 24 മുതൽ ഏപ്രിൽ 2 വരെ**

കവിത



# മുത്ത്

**തങ്കമ്മ ശാമുവേൽ**
**മണ്ണടി മാർത്തോമ്മാ ചർച്ച്**

അമ്മ തൻ പൈതൽ മടിയിൽ കിടന്നു–
അമ്മിഞ്ഞപ്പാൽ നുകരുമ്പോൾ
മെല്ലെ തൻ കൺകൾ ഉയർത്തി നോക്കി പൈതൽ
സന്തോഷ മുത്തുകൾ കുഞ്ഞുമേനിയിൽ
എന്തിനു കണ്ണുനീർ തൂകുന്നു എന്നു തൻ
ചൊൽവാൽ അറിയാതെ പിഞ്ചുപൈതൽ
കരയുന്ന അമ്മയെ കണ്ടു ചിരിച്ചു
അമ്മ തൻ കണ്ണിൽ തുറിച്ചുനോക്കി
പിന്നെ തൻ പൈതൽ മെല്ലെ വളർന്നു
പുസ്തക സഞ്ചിയുമായ് നടന്നു
നെൽക്കതിർ മേനിയിൽ തൊട്ടുതലോടി
കൂട്ടരുമൊത്തു നടന്നുനീങ്ങി
കിരാത നയനങ്ങൾ അവളിൽ തറച്ചു
മകളുടെ പൂമേനി നോക്കിനിന്നു
എങ്ങുപോകുന്നു എവിടെ നീ പോകുന്നു
മകളുടെ പിന്നാലവൻ നടന്നു
ക്രൂരമാം കൈകളാൽ പൊൻമകൾ അമർന്നു
ചേഷ്ടകളാൽ അവൾ വിറങ്ങലിച്ചു.
ദുഷ്ടനാം കൈകൾ കഴുത്തിൽ ഞെരിച്ചു
തൻ മകളെന്നെന്നേക്കുമായ് മറഞ്ഞു
എന്തിനീ പാപം ചെയ്തു മകനെ നീ
നിന്റെയും കുഞ്ഞുമകളല്ലേ ഈ മുത്ത്
അമ്മ തൻ തേങ്ങലിൽ ഉത്തരം കിട്ടാതെ
മറ്റു മനസ്സുകൾ മൂകമായി...

# VICTORY

**Annie Joseph**
**Mar Thoma Church**
**Kozhikode**

Victory stage is waiting for everybody
One day each person must reach there
To pass through that opened gate
All the persons will get reward
According to the work they have done
There the picture of thoughts and deeds clear
The crown is waiting for all
Nobody can avoid that ritual gate
Have to leave all the claim, fame,
Money, accumulated wealth, health and all.
Earth will receive the body for manure,
For cyclic rotation of the livings.
Soul will pass through that glorious gate.
Lord bless us to escape from hell with worms,
To avoid forbidden fruits lying, stealing,
Racism, terrorism, war, Jelous and all.
Hold our hands to keep the right path.
To eat only fruits of spirit love peace all.
Let the heavenly kingdom be in us among us
To enter in that beautiful everlasting shore

# പ്രശ്നോത്തരി

**കഴിഞ്ഞ ലക്കത്തിലെ വിജയി: തോമസ് വർഗ്ഗീസ്, കായംകുളം ശാലേം**

1. മാത്യു ഡാനിയേൽ, ബഥേൽ എം.റ്റി.സി. കൂടൽ
2. ലിസ്സി ജോൺ, കറ്റാനം സെന്റ് തോമസ്
3. അനു കുഞ്ഞുമോൻ, സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്, കറ്റാനം
4. ബിന്ദു നൈനാൻ, ബഥേൽ മാർത്തോമ്മാ ചർച്ച്, വാത്തികുളം
5. ഗ്രേസി ബാബു, ശാലേം മാർത്തോമ്മാ ചർച്ച്, അങ്ങാടിക്കൽ
6. ശോഭ റെജി, കൊറ്റനല്ലൂർ ശാലേം എം.റ്റി.സി., മണക്കാല
7. സാറാമ്മ ഏബ്രഹാം, മാർത്തോമ്മാ വലിയപള്ളി, തേവലക്കര
8. ആനി ജോൺ, കൂടൽ ബഥേൽ
9. ജെയ്ജി സജി, വാക്കികുളം ബഥേൽ
10. സിസി തോമസ്, സെഹിയോൻ മാർത്തോമ്മാ ചർച്ച്, കൊടുമൺ
11. ആനി ചെറിയാൻ, കായംകുളം ശാലേം
12. ജിൻസി ജോയി, സെന്റ് തോമസ് എം.റ്റി.സി. കുളക്കട
13. മോളി പി. സാജു, ഇമ്മാനുവേൽ എം.റ്റി.സി. വെസ്റ്റ് കല്ലട
14. കെ.ജി. രാജൻ, തേവലക്കര ഇമ്മാനുവേൽ എം.റ്റി.സി.
15. ബീന തോമസ്, സെന്റ് തോമസ് ചർച്ച്, കറ്റാനം
16. അന്നമ്മ തോമസ്, കോഴിക്കോട് സെന്റ് തോമസ്
17. ഡോ. റിജോ സൈമൺ തോമസ്, കോഴിക്കോട് സെന്റ് തോമസ്
18. ഡോ. ലയാ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ്
19. കുഞ്ഞുമോൾ സാം, വെട്ടിയാർ സെന്റ് തോമസ്
20. ലിൻസ സാമു, സെഹിയോൻ എം.റ്റി.സി, താന്നിക്കുന്ന്
21. സീനാ സജി, സെന്റ് തോമസ്, കുറത്തികാട്
22. ഫിലിപ്പോസ് റ്റി, കൊല്ലക സെന്റ് തോമസ്
23. ലീലാമ്മ തോമസ്, സെന്റ് മാത്യൂസ് എം.റ്റി.സി. ചൂരക്കോട്
24. റെനി കോശി, സെന്റ് മാത്യൂസ് എം.റ്റി.സി. ചൂരക്കോട്
25. ജോഷ്വാ, പറക്കോട് ഇമ്മാനുവേൽ
26. ജെസ്സി സതീഷ്, തേവലക്കര വലിയപള്ളി
27. തോമസ് ഒ, വാത്തികുളം ബഥേൽ
28. സൂസമ്മ ജോൺ, കായംകുളം ശാലേം എം.റ്റി.സി.
29. സാറാ എൽസാ സാമു, സെന്റ് തോമസ് എം.റ്റി.സി., വെട്ടിയാർ
30. ഷീജാ സജി, താമരക്കുളം സെന്റ് തോമസ്
31. ജോസ് വൈ, ശാലേം എം.റ്റി.സി. കായംകുളം
32. അന്നമ്മ കോശി, കൊടുമൺ സെഹിയോൻ എം.റ്റി.സി.
33. കെ.എസ്. തോമസ്, സെന്റ് തോമസ് എം.റ്റി.സി. ചുനക്കര
34. ഏലിയാമ്മ വർഗ്ഗീസ്, വെട്ടിയാർ സെന്റ് തോമസ്
35. ഗ്രേസി തോമസ്, ചുനക്കര സെന്റ് തോമസ് എം.റ്റി.സി.
36. ബിനു മാത്യു, എലിക്കാട്ടൂർ എം.റ്റി.സി.
37. മേരി മാത്യു, മണ്ണടി എം.റ്റി.സി.
38. ലീലാമ്മ സൈമൺ, ചുനക്കര സെന്റ് തോമസ്
39. ആലീസ് തോമസ്, തേവലക്കര ഇമ്മാനുവേൽ
40. റീനാ ബിജി, കണ്ണംകോട് എം.റ്റി.സി.
41. എൽസൺ നൈനാൻ, സെന്റ് തോമസ് എം.റ്റി.സി. പുതുവൽ
42. ജിജി ഷാജി, ചാച്ചിപുന്ന ശാലേം എം.റ്റി.സി.
43. ലിനു കെ. യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ എം.റ്റി.സി.
44. പി.റ്റി. തോമസ്, പത്തനാപുരം ഇമ്മാനുവേൽ
45. ലീലാമ്മ ഫിലിപ്പ്, ചുനക്കര സെന്റ് തോമസ്
46. അന്നമ്മ ബെൻസി, കുന്നിട സെന്റ് തോമസ്
47. ബീനാ ജേക്കബ്, ചുനക്കര സെന്റ് തോമസ്
48. ലിജി മാത്യു, ശാലേം എം.റ്റി.സി. ചാച്ചിപ്പുന്ന
49. ചാക്കോ വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
50. സുനി സജു, ചുനക്കര സെന്റ് തോമസ്
51. പ്രിൻസി ബാബു, ഹെബ്രോൻ എം.റ്റി.സി. തേവലക്കര
52. ലില്ലിക്കുട്ടി യോഹന്നാൻ, ഇമ്മാനുവേൽ എം.റ്റി.സി., വെസ്റ്റ് കല്ലട
53. തോമസ് വർഗ്ഗീസ്, ശാലേം എം.റ്റി.സി. കായംകുളം
54. മേരിക്കുട്ടി ഏബ്രഹാം, വാത്തികുളം ബെഥേൽ
55. ലാലി ജെയിംസ്, തേവലക്കര ഇമ്മാനുവേൽ എം.റ്റി.സി.
56. ജോളി ഫിലിപ്പ്, ശാലേം എം.റ്റി.സി. ചാച്ചിപ്പുന്ന
57. ജിയ മറിയം ബാബു, സെന്റ് തോമസ് എം.റ്റി.സി. ചുനക്കര
58. കുഞ്ഞുമോൾ ഫിലിപ്പോസ്, കണ്ണംകോട് എം.റ്റി.സി.
59. ആനി ബെൻസി, കുന്നിട സെന്റ് തോമസ്
60. ലളിത ജെയിംസ്, സെന്റ് തോമസ് ചുനക്കര
61. വിൽസി മാത്യു, ശാലേം എം.റ്റി.സി. ചാച്ചിപ്പുന്ന
62. അച്ചാമ്മ ജോൺ, വെട്ടിയാർ സെന്റ് തോമസ്
63. റോസമ്മ ബേബി, ഏനാത്ത് എം.റ്റി.സി.
64. ബെറ്റീന ജോസഫ്, കോട്ടാ സെന്റ് പോൾസ്
65. അമ്മുക്കുട്ടി ജോൺ, സെഹിയോൻ എം.റ്റി.സി. കൊടുമൺ
66. സി. കുഞ്ഞുമോൻ, താമരക്കുളം സെന്റ് തോമസ്
67. സുജാ ഫിലിപ്പ്, സെന്റ് തോമസ് വെട്ടിയാർ
68. സൂസമ്മ കോശി, പിറവന്തൂർ സെന്റ് തോമസ് എം.റ്റി.സി.
69. ഏയ്ഞ്ചാ സാറാ ജോൺ, സെന്റ് തോമസ് എം.റ്റി.സി. പിറവന്തൂർ
70. ക്രിസ്റ്റീന എലിസബത്ത്, പിറവന്തൂർ സെന്റ് തോമസ് എം.റ്റി.സി.
71. ആശ രാജു, ഏനാത്ത് എം.റ്റി.സി.
72. എലിസബത്ത് സ്റ്റീഫൻ, പന്തളം എം.റ്റി.സി.
73. ഉഷ അലക്സ്, കലയപുരം ശാലേം എം.റ്റി.സി.
74. ഗീത പി.സൈമൺ, കോഴിക്കോട് സെന്റ് തോമസ്
75. ജെസ്സി ജോൺസൺ, ഏനാത്ത് എം.റ്റി.സി.
76. പി.ജി. തോമസ്, കോഴിക്കോട് സെന്റ് തോമസ്
77. ബ്രൈറ്റി ഷിജോ, കൊല്ലക സെന്റ് തോമസ്, കരുനാഗപ്പള്ളി
78. സോഫി മോനച്ചൻ, സെന്റ് തോമസ് ചർച്ച്, കുറത്തിക്കാട്
79. എലിസബത്ത് ജോൺസൺ, കൊല്ലക സെന്റ് തോമസ്, കരുനാഗപ്പള്ളി
80. പൊന്നമ്മ തോമസ്, ചാച്ചിപ്പുന്ന ശാലേം എം.റ്റി.സി.
81. ഓമന ഏബ്രഹാം, കുറത്തികാട് ജെറുശലേം
82. റ്റി.എൻ. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ
83. സൂസമ്മ ജേക്കബ്, സെന്റ് തോമസ് എം.റ്റി.സി. കൊല്ലക
84. സോണി സുരേഷ്, സെന്റ് തോമസ് ചുനക്കര
85. ലതാ ജോർജ്ജ്, ചാച്ചിപ്പുന്ന ശാലേം എം.റ്റി.സി.
86. മോളി കുഞ്ഞുമോൻ, താമരക്കുളം സെന്റ് തോമസ്
87. മോളി ജേക്കബ്, സെന്റ് തോമസ് എം.റ്റി.സി., കറ്റാനം
88. ജോസഫ് പി. ജോസി, പിറവന്തൂർ സെന്റ് തോമസ്
89. വത്സമ്മ മാത്യു, കണ്ണംകോട് എം.റ്റി.സി.
90. അമ്മിണി ഡേവിഡ്, ചാച്ചിപ്പുന്ന ശാലേം
91. ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം എം.റ്റി.സി.
92. ആനി വർഗ്ഗീസ്, പുതുവൽ സെന്റ് തോമസ് എം.റ്റി.സി.
93. അന്നമ്മ കോശി, ഇമ്മാനുവേൽ എം.റ്റി.സി. ഐരാണിക്കുടി
94. സോഫി ജോൺ, സെന്റ് തോമസ് എം.റ്റി.സി. കുളക്കട
95. ജിജി ബാബു, സെന്റ് തോമസ് എം.റ്റി.സി. ചുനക്കര
96. റോഷൻ സാജ്, അങ്ങാടിക്കൽ ശാലേം എം.റ്റി.സി.
97. ആനി അലക്സാണ്ടർ, കറ്റാനം സെന്റ് തോമസ്
98. ജെൻസി വർഗ്ഗീസ്, സെന്റ് തോമസ് എം.റ്റി.സി. കുറത്തികാട്
99. അഷിൻ ജോൺ അനിയൻകുഞ്ഞ്, വെസ്റ്റ് കല്ലട എം.റ്റി.സി.
100. സൂസി ബിനോയ്, ഇമ്മാനുവേൽ എം.റ്റി.സി. വെസ്റ്റ് കല്ലട
101. ഏലിയാമ്മ ജേക്കബ്, ബഥേൽ എം.റ്റി.സി. വാത്തിക്കുളം
102. എൽസി ജേക്കബ്, പത്തനപുരം ഇമ്മാനുവേൽ
103. തോമസ് ജോർജ്ജ്, പത്തനാപുരം ഇമ്മാനുവേൽ
104. ജൂലി മാത്യു, ഷാർജ എം.റ്റി.സി.
105. സാലി ഷാജി, കൊറ്റനല്ലൂർ ശാലേം
106. ബിന്ദു സാബു, കൊറ്റനല്ലൂർ ശാലേം
107. കെ.ഒ. ശമുവേൽകുട്ടി, മുട്ടം ശാലേം
108. ജോബിൻ പാപ്പച്ചൻ, തേവലക്കര ഹെബ്രോൻ
109. ഷെർളി ജെയിംസ്, കുറത്തികാട് സെന്റ് തോമസ്
110. കെ.എം. ഏബ്രഹാം, കൊറ്റമ്പള്ളി ബഥേൽ
111. റീത്താ ചെറിയാൻ, മുട്ടം ശാലേം

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. 'ഞാൻ' എന്ന ഭാവം
2. ദൈവവചന പഠനം
3. പാരമ്പര്യത്തിന്റെയും കീഴ്‌വഴക്കങ്ങളുടെയും മതിലുകൾ
4. തിരക്കിലാണ്
5. ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കൃത്യനിർവ്വഹണം
6. ആകുലചിന്ത
7. ആദിമസഭയുടെ ആന്തരിക ജീവിതവും പൊതുസമൂഹത്തിലെ സാക്ഷ്യവും എങ്ങനെ രൂപീകരിക്കപ്പെട്ടു എന്നുള്ളതിന്റെ സാക്ഷ്യപത്രം.

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. നിരാശയെ നീക്കി ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നതെന്താണ്?
2. എന്ത് വിളിച്ചോതുവാൻ നിയോഗിക്കപ്പെട്ടവരാണ് വിശ്വാസസമൂഹം
3. അഖിലലോക സഭാകൗൺസിൽ മോഡറേറ്റർ ആരാണ്?
4. സംഗീതത്തിന്റെ ഉപജ്ഞാതാവ് ആരാണ്?
5. ഒരു കയ്യിൽ ധൂപവും മറുകയ്യിൽ കാഹളവും ഉള്ളവൻ ആര്?
6. സ്വപ്നങ്ങൾ നഷ്ടപ്പെട്ടാൽ യൗവ്വനക്കാർപോലും എന്തായിത്തീരും
7. യൗവ്വനം എങ്ങനെ ചിന്തിക്കുന്ന കാലഘട്ടമാണ്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2018 നവംബർ 20**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. **- എഡിറ്റർ**



കാഹളനാദത്തോടെ അവനെ സ്തുതിപ്പിൻ വീണയോടും
കിന്നരത്തോടും കൂടെ അവനെ സ്തുതിപ്പിൻ
സങ്കീ:150:3
KALLADA
CONVENTION-2019
കല്ലട
കൺവൻഷൻ
2019
Expect the Spiritual Waves in Kallada
2019 ജനുവരി
15 മുതൽ 20 വരെ
കൺവൻഷൻ നഗർ പഴയബസ്റ്റാന്റ്
നേതൃത്വം നൽകുന്നവർ
2019 ജനുവരി 15 ചൊവ്വാഴ്ച
അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ
2019 ജനുവരി 16 ബുധനാഴ്ച
റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ
2019 ജനുവരി 17 വ്യാഴാഴ്ച
അഭിവന്ദ്യ. അലക്സിയോസ് മാർ യൗസേബിയസ് മെത്രാപ്പോലീത്ത
2019 ജനുവരി 18 വെള്ളിയാഴ്ച
റവ. ജിജു ജോസഫ്, റവ. ജോജി കെ. മാത്യു
2019 ജനുവരി 19 ശനിയാഴ്ച
ശ്രീ. സി എസ്. ജയൻ മൈലം
2019 ജനുവരി 20 ഞായർ
റവ. അജിൻ പി. രാജു
ഗാനശുശ്രൂഷ
വെസ്റ്റ് കല്ലട മാർത്തോമ്മാ
ഇടവക ഗായകസംഘം
റവ.തോമസ് കെ തോമസ്
[വികാരി]
Design Jinukallada 9946727333

# ST.THOMAS ENGLISH MEDIUM SCHOOL

**A Senior Secondary School Affiliated to CBSE- No. 930660**

&

Estd: 1995

# ST.THOMAS K.G & PLAY SCHOOL

Run by the Charitable Trust of St.Thomas Marthoma Church, KATTANAM

**PALLICKAL P.O., ALAPPUZHA - 690503, Ph : 0479 - 2330844, 2332014**

Email: stemskattanam@yahoo.co.in Web: www.stemskattanam.org




*Patron* : **Rt.Rev.Dr.Abraham Mar Paulos Episcopa** *Manager* : **Rev: Sam T. Panicker** *Principal*: **Pro.Dr. Babu K.** Msc.MA.MEd.Phd

## Salient Features

- Excellent Results in CBSE Board X & XII examination.
- Holistic Development of children, giving equal importance in curricular and co-curricular activities.
- Individual attention, Remedial classes, Mentoring, Yoga & Meditation, Counselling Value Based - Technology Aided Teaching Learning Process.

**WANTED**

We require qualified, experienced and committed teachers for all subjects in all levels (KG to Class XII) and special teachers in Physical Education, Dance, Music and Arts in the anticipated vacancies for 2019-2020. Those who have good command in English need to apply.

**Application with CV should reach on or before 15.02.2019**

**THE MANAGER, ST. THOMAS ENGLISH MEDIUM SCHOOL**

Kattanam, Pallickal P O, Alappuzha-690503

Email: stemskattanam@yahoo.co.in, phone : 0479 2330844

# ADMISSIONS FOR 2019 – 20 OPEN


Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas